
JESUS REDEEMS MINISTRIES

# യുവജനലോകം

സെപ്റ്റംബർ 2025



ബലഹീനതയിൽ നിന്നും, നിരാശയിൽ നിന്നും,
നിങ്ങളെ എഴുന്നേൽപ്പിക്കുന്നത് കർത്താവ് നൽകുന്ന

# ജീവന്റെ വചനമാണ്



# ആമുഖം

എന്റെ പ്രിയപ്പെട്ട യൗവനക്കാർക്ക് യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹാശംസകൾ!

കർത്താവിന്റെ സൈന്യമെന്ന നിലയിൽ, കർത്താവിന്റെ വചനത്തിന്റെ ശക്തിയാൽ നിങ്ങൾ ശക്തരാകേണ്ടത് അത്യാവശ്യമാണ്. 'ബാല്യക്കാരേ, നിങ്ങൾ ശക്തരാകയാലും ദൈവവചനം നിങ്ങളിൽ വസിക്കയാലും നിങ്ങൾ ദുഷ്ടനെ ജയിച്ചിരിക്കയാലും നിങ്ങൾക്ക് എഴുതിയിരിക്കുന്നു' എന്ന് 1 യോഹന്നാൻ 2:14 ൽ യോഹന്നാൻ പറയുന്നു. പ്രാർത്ഥനയ്ക്ക് നിങ്ങൾ പ്രാധാന്യം നൽകുന്നതുപോലെ, വചനം ധ്യാനിക്കാനും, അവ നിങ്ങളുടെ ദൈനംദിന ജീവിതത്തിൽ പ്രയോഗിക്കുവാനും സമയം നീക്കിവയ്ക്കണം. എന്തെന്നാൽ, ദൈവവചനം നിങ്ങളെ ജീവിപ്പിക്കുകയും, പണിയുകയും സമ്പന്നമാക്കുകയും ചെയ്യും.

യൗവനക്കാരനായ യോശുവയുടെ വിജയത്തിന് കാരണം ഇതായിരുന്നു. 'ഈ ന്യായപ്രമാണപുസ്തകത്തിലുള്ളത് നിന്റെ വായിൽനിന്നു നീങ്ങിപ്പോകരുത്' (യോശുവ 1:8) എന്ന് കർത്താവ് കല്പിച്ചു. യോശുവ അനുസരിച്ചു.

## ദൈവവചനം യോശുവയെ ജീവിപ്പിച്ചു

മോശയുടെ കാലത്തിനുശേഷം ഉണർവിന്റെ വലിയ ഉത്തരവാദിത്തം എങ്ങനെ മുന്നോട്ടുകൊണ്ടുപോകുമെന്ന് അറിയാതെ പ്രയാസപ്പെട്ട യോശുവയോട്: "ഞാൻ മോശയോടുകൂടെ ഇരുന്നതുപോലെ നിന്നോടുകൂടെയും ഇരിക്കുന്നുവെന്ന് യിസ്രായേല്യർ അറിയും" എന്ന് കർത്താവ് അരുളിച്ചെയ്ത വാക്കുകൾ, ആ ഉത്തരവാദിത്തം വിജയകരമായി നിറവേറ്റുവാൻ അനുദിനം യോശുവയ്ക്ക് വഴികാട്ടിയായിരുന്നു.

ഹായി പട്ടണത്തിൽ പരാജയം നേരിട്ടപ്പോൾ സാഷ്ടാംഗം വീണുകിടന്ന യോശുവയെ എഴുന്നേൽപ്പിച്ചതും ശക്തിപ്പെടുത്തിയതും ദൈവവചനമായിരുന്നു. അതനുസരിച്ച് അവൻ തന്റെ പാളയം ശുദ്ധീകരിച്ചപ്പോൾ , ദൈവത്തിന്റെ സാന്നിധ്യവും സംരക്ഷണവും വീണ്ടും അവന്റെ മുമ്പാകെ കടന്നുപോയി വലിയ വിജയം നൽകി. ദൈവത്തിന്റെ വചനം യോശുവയെ ശക്തിപ്പെടുത്തി, 31 രാജാക്കന്മാരെ പരാജയപ്പെടുത്താനും കനാൻ ദേശം അവകാശമാക്കാനും, ഇസ്രായേൽ ജനങ്ങൾക്ക് ദേശം വിഭാഗിച്ചു നൽകുവാനും സഹായിച്ചു.

ഇന്ന് നിങ്ങളുടെ ജീവിതത്തിൽ, ദൈവവചനം നിങ്ങൾക്ക് ജീവൻ നൽകുകയും, പണിയുകയും, സമ്പന്നമാക്കുകയും മാത്രമല്ല, ദൈവത്തിന്റെ പൂർണ്ണഹിതം ചെയ്യാൻ പ്രേരിപ്പിക്കുകയും, എഴുന്നേൽപ്പിച്ച് പ്രകാശിപ്പിക്കുകയും ചെയ്യും.

**യോശുവമാരായ നിങ്ങൾ കർത്താവിനുവേണ്ടി തീക്ഷ്ണതയുള്ളവരായിരിക്കണം. ദേശത്തെ സുവിശേഷം കൊണ്ട് നിറയ്ക്കണം. യോശുവയെപ്പോലെ നിങ്ങൾ കാൽ ചവിട്ടുന്ന എല്ലാ സ്ഥലങ്ങളും കർത്താവിന് സ്വന്തമാക്കണം.**

**ശക്തരും സ്ഥിരതയുള്ളവരുമായിരിക്കുവിൻ...**
**കർത്താവിന്റെ വചനം മുറുകെ പിടിക്കുവിൻ...**
**കർത്താവിന്റെ കരം നിങ്ങളെ ശക്തിപ്പെടുത്തും...**



ക്രിസ്തുവിന്റെ വേലയിൽ
മോഹൻ സി. ലാസറസ്

# ഞാൻ ഒരു പ്രാർത്ഥന നായകൻ



എന്റെ പ്രിയ സഹോദരീ സഹോദരന്മാരേ, ഈ വർഷത്തിന്റെ തുടക്കം മുതൽ വൈവിധ്യമാർന്ന പ്രാർത്ഥനകളെക്കുറിച്ച് നാം കണ്ടു വരുന്നു. ഈ മാസം ആദിമ സഭാജനങ്ങൾ പത്രൊസിനായി ചെയ്ത വ്യത്യസ്തമായ പ്രാർത്ഥനയെക്കുറിച്ച് നമുക്ക് കാണാം.

## ശ്രദ്ധയോടുള്ള പ്രാർത്ഥന

ഈ പ്രാർത്ഥന നാം ചോദിക്കുന്നത് ലഭിക്കുന്നത് വരെ പ്രാർത്ഥിക്കുന്ന പ്രാർത്ഥനയല്ല, നമുക്ക് ആവശ്യമുള്ളത് ബലപ്രയോഗത്തിലൂടെ പ്രാപിക്കുവാനായി നടത്തുന്ന നീണ്ട പ്രാർത്ഥനയും അല്ല. നമ്മുടെ ഹൃദയം കർത്താവിന്റെ ഹൃദയവുമായി ഒന്നിക്കുകയും ആത്മാവിൽ പ്രാർത്ഥിക്കുകയും ചെയ്യുന്ന തീക്ഷ്ണമായ വിശ്വാസ പ്രാർത്ഥനയാണിത്. നാം എന്തിനുവേണ്ടി പ്രാർത്ഥിക്കണം , എങ്ങനെ പ്രാർത്ഥിക്കണം എന്ന് പരിശുദ്ധാത്മാവ് നമ്മുടെ ഉള്ളിൽ നിന്ന് പ്രാർത്ഥിക്കും. ഈ പ്രാർത്ഥനയിൽ കർത്താവിനോട് തീക്ഷ്ണതയോടെ, പോരാടി, തുടർച്ചയായി പ്രാർത്ഥിക്കുക എന്നാണ് അർത്ഥമാക്കുന്നത്.

അപ്പൊ. പ്രവർത്തികൾ 12-ാം അദ്ധ്യായത്തിൽ, പത്രൊസിനുവേണ്ടി സഭ നടത്തിയ ശ്രദ്ധയോടുള്ള പ്രാർത്ഥനയെക്കുറിച്ച് നാം വായിക്കുന്നു. പത്രൊസ് സഭയിൽ പ്രധാനി ആയിരുന്നതുകൊണ്ട്, ഹെരോദാവ് അവനെ തടവിലാക്കി. പത്രൊസ് തടവിലായിരുന്നപ്പോൾ, സഭ അദ്ദേഹത്തിന്റെ വിടുതലിനായി ശ്രദ്ധയോടെ പ്രാർത്ഥിച്ചു. ഇത് അവരുടെ വിശ്വാസവും പത്രൊസിനോടുള്ള സ്നേഹവും സൂചിപ്പിക്കുന്നു.

പത്രൊസ് ചങ്ങലയാൽ ബന്ധിക്കപ്പെട്ട് തടവിലാക്കപ്പെട്ടു. ഉടൻ തന്നെ തനിക്ക് വിടുതൽ ലഭിക്കുമെന്ന് അദ്ദേഹം അറിഞ്ഞിരുന്നില്ല. അതുകൊണ്ടാണ് തന്റെ ചെരുപ്പും മേലങ്കിയും ഊരിവച്ച് ഉറങ്ങിയത്. എന്നാൽ പെട്ടെന്ന് ഒരു ദൂതൻ പ്രത്യക്ഷനായി അവനെ തട്ടി ഉണർത്തി, അര കെട്ടി ചെരിപ്പ് ഇട്ടു മുറുക്കി വസ്ത്രം പുതച്ച് എന്റെ പിന്നാലെ വരിക എന്നു പറഞ്ഞു. പത്രൊസ് എഴുന്നേറ്റ് സംഭവിച്ചത് വാസ്തവം എന്ന് അറിയാതെ താൻ ഒരു ദർശനം കാണുന്നു എന്നു നിരൂപിച്ച് ദൂതനെ പിന്തുടർന്നു. കാരണം, ഇത് സാധാരണയായി നടക്കുന്ന ഒന്നല്ല. അവന്റെ കാവലിനായി നാല് പടയാളികളെ നിയോഗിച്ചിരുന്നു.

## അത്തരമൊരു സാഹചര്യത്തിൽ പത്രൊസിന് എങ്ങനെ പുറത്ത് പോകുവാൻ കഴിയും?

എന്നാൽ, സഭ പത്രൊസിന് വേണ്ടി ശ്രദ്ധയോടെ പ്രാർത്ഥിച്ചു. പ്രാർത്ഥനയ്ക്ക് അത്ര ശക്തിയുണ്ട്. പത്രൊസിനെ പുറത്ത് കൊണ്ടുവരുന്നതിന്റെ തലേദിവസം, ദൈവത്തിന്റെ ദൂതൻ പത്രൊസിനെ പുറത്തുകൊണ്ടുവന്നു. കർത്താവ് തന്നെ പുറത്തുകൊണ്ടുവന്നുവെന്ന് മനസ്സിലാക്കിയ പത്രൊസ്, വീട്ടിൽ വന്ന് നോക്കിയപ്പോൾ, അവിടെ ധാരാളം ആളുകൾ കൂടി പ്രാർത്ഥിക്കുന്നത് കണ്ടു. അവരുടെ പ്രാർത്ഥന ദൈവസന്നിധിയിൽ എത്തിയപ്പോൾ കർത്താവ് പത്രൊസിനെ പുറത്തുകൊണ്ടുവന്നു. പത്രൊസ് തടവിലാക്കപ്പെട്ടപ്പോൾ, സഭാ ജനങ്ങൾ ഹെരോദാ രാജാവിന്റെയോ, കാരാഗൃഹപ്രമാണിയുടേയോ, അധികാരികളുടെയോ,പത്രൊസിനെതിരെ പരാതി പറഞ്ഞവരുടെയോ അടുക്കൽ പോയി യാചിച്ചില്ല. അവർ കർത്താവിനോട് തീക്ഷ്ണമായി പ്രാർത്ഥിച്ചു. നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു (യാക്കോബ് 5:16) എന്ന് വേദപുസ്തകത്തിൽ പറയുന്നു.

സഭയുടെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥനയ്ക്ക് മറുപടി നൽകി, തന്റെ ദൂതനെ അയച്ച് പത്രൊസിനെ തടവിൽ നിന്ന് അത്ഭുതകരമായി വിടുവിച്ചു.

ദാനിയേലിന്റെ ജീവിതത്തിലും ഇതാണ് സംഭവിച്ചത്. ദാനിയേൽ 6:16ൽ അവൻ പ്രാർത്ഥനയിൽ ഉറച്ചുനിന്നതായി കാണാം. സിംഹങ്ങളുടെ വായിൽ നിന്ന് ദാനിയേലിനെ രക്ഷിച്ച ദൈവം, താൻ മാത്രമാണ് ജീവനുള്ള ദൈവം എന്ന് രാജാവ് കല്പിക്കുന്ന വിധത്തിൽ പ്രവർത്തിച്ചു. ദാനിയേലിന്റെ ദൈവമാണ് ദൈവമെന്ന് പറയുന്ന അളവിൽ അത്ഭുതം സംഭവിച്ചു. ഇത്തരം പ്രശ്നങ്ങൾ നേരിട്ടിട്ടും, ഉപദ്രവങ്ങൾ അനുഭവിച്ചിട്ടും പ്രാർത്ഥനയിൽ ദുർബലരാകാതെ, ശ്രദ്ധയോടെ പ്രാർത്ഥിച്ച് വിജയം നേടി. ഇവരെ ഉപദ്രവങ്ങളിലേക്ക് തള്ളിവിട്ട ശത്രുക്കളെ ദൈവം തലകുനിഞ്ഞ് ഓടുമാറാക്കി (അപ്പൊ. പ്രവർത്തികൾ 12:22,23 അപ്പൊ. പ്രവർത്തികൾ 16:28,39, ദാനിയേൽ 6:24).

ഇന്ന് നാം എത്രയേറെ പ്രശ്നങ്ങൾ നേരിട്ടാലും ഭയപ്പെടരുത്. നമ്മുടെ പ്രാർത്ഥന വെറുതെയാകില്ല. നമുക്ക് കർത്താവിനോട് ഇടവിടാതെ ശ്രദ്ധയോടെ പ്രാർത്ഥിക്കാം. നമ്മുടെ അടിമത്തവും കർത്താവ് മാറ്റും!

# അന്ന് ഓടി ഒളിച്ചവൻ ഇന്ന്...



പാസ്റ്റർ ഗോകുൽ ജോസഫിനെ പല്ലടം പ്രദേശത്തുള്ള അദ്ദേഹത്തിന്റെ പള്ളിയിൽ വച്ച് കണ്ടുമുട്ടിയപ്പോൾ, അദ്ദേഹത്തിന്റെ ജീവിതത്തിൽ സംഭവിച്ച രസകരമായ ചില കാര്യങ്ങൾ ഞങ്ങളുമായി പങ്കുവച്ചു. യുവജനലോകം വായനക്കാരായ നിങ്ങൾക്ക് ഉപയോഗപ്രദമാകുമെന്ന പ്രതീക്ഷയിലാണ് ഞങ്ങൾ ഇത് പ്രസിദ്ധീകരിക്കുന്നത്.

## നിങ്ങളുടെ കുടുംബത്തെയും കുട്ടിക്കാലത്തെയും കുറിച്ച് പറയാമോ?

ഞങ്ങളുടെ സ്വദേശം മധുരയാണ്. ഞാൻ ജനിച്ചു വളർന്നത് ഒരു പൂജാരി കുടുംബത്തിലാണ്. ഞങ്ങൾ സ്വന്തമായി ക്ഷേത്രം പണിത് പൂജ ചെയ്തുവന്നു. എന്റെ മുത്തച്ഛൻ ശൂലം വച്ച് നൃത്തം ചെയ്യുകയും അരിവാളിന്റെ മുകളിലൂടെ നടക്കുകയും ചെയ്യുമായിരുന്നു. ഇങ്ങനെ ഞങ്ങളുടെ മതത്തിനോട് ഞങ്ങൾക്ക് വളരെ തീക്ഷ്ണതയുണ്ടായിരുന്നു. ഞങ്ങളുടെ വീട്ടിലെ പൂജാമുറിയിൽ 200-ലധികം ദൈവങ്ങളുടെ ഫോട്ടോകൾ സൂക്ഷിച്ചിരുന്നു. അത്തരമൊരു തീവ്രമായ ഭക്തി നിറഞ്ഞ കുടുംബത്തിലാണ് ഞാൻ ജനിച്ചത്. ഇതായിരുന്നു എന്റെ ബാല്യകാലം. എന്റെ കുട്ടിക്കാലത്ത് തന്നെ ഞങ്ങൾ മധുരയിൽ നിന്ന് പല്ലടത്ത് വന്നു.

## നിങ്ങളുടെ കുടുംബത്തെക്കുറിച്ച് പറഞ്ഞു... എന്തിനാണ് സ്വദേശം വിട്ട് പല്ലടത്തേക്ക് താമസം മാറിയത്?

എന്റെ കുട്ടിക്കാലത്ത്, എന്റെ അച്ഛന് തിരുപ്പൂർ ജില്ലയിലെ കാങ്കേയം പ്രദേശത്തുള്ള EB-യിൽ മാസം വെറും 30 രൂപയ്ക്ക് താൽക്കാലിക ജോലി ലഭിച്ചു. ഞങ്ങൾ പല്ലടം പ്രദേശത്താണ് താമസിച്ചിരുന്നത്. അച്ഛൻ എല്ലാ ദിവസവും വീട്ടിൽ നിന്നും ജോലിസ്ഥലത്തേക്ക് ഏകദേശം ഒരു മണിക്കൂർ യാത്ര ചെയ്തിരുന്നു. ഒരു ചെറിയ ക്വാർട്ടേഴ്സിലാണ് ഞങ്ങൾ 8 പേർ താമസിച്ചിരുന്നത്. 30 വീടുകൾക്ക് ഒരു ടോയ് ലറ്റ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഞങ്ങൾ കുറച്ചുകൂടി മുതിർന്നപ്പോൾ മറ്റൊരു ക്വാർട്ടേഴ്സിലേക്ക് താമസം മാറി. അവിടെ ഒരു ടോയ് ലറ്റ് ഉണ്ടായിരുന്നെങ്കിലും വാതിൽ ഇല്ലായിരുന്നു. ആ വീട്ടിലും ഞങ്ങൾ കുടുംബമായി താമസിച്ചു.



ഞങ്ങളുടെ വീട്ടിൽ എല്ലാവരും നല്ല വരുമാനമുള്ളവരും, ധാരാളം പണമുള്ളവരുമായിരുന്നെങ്കിലും കുടുംബത്തിൽ സമാധാനം ഉണ്ടായിരുന്നില്ല. വീട്ടിൽ നല്ല ഭക്ഷണമുണ്ടാകും. എന്നാൽ അത് സന്തോഷത്തോടെ കഴിക്കാൻ ഞങ്ങൾക്ക് കഴിയില്ല. അമ്മ ഭക്ഷണം പാചകം ചെയ്തുവയ്ക്കും. അച്ഛൻ മദ്യപിച്ച് വീട്ടിൽ വന്നാൽ പ്ലേറ്റിൽ നിന്ന് ഭക്ഷണം പറന്നുപോകും. എല്ലാ ദിവസവും അച്ഛൻ മദ്യപിക്കുകയും, 2 പാക്കറ്റ് സിഗരറ്റ് വലിക്കുകയും ചെയ്തിരുന്നു. ഇക്കാരണത്താൽ ഞങ്ങളുടെ കുടുംബത്തിൽ സമാധാനമേ ഉണ്ടായിരുന്നില്ല.

## ധാരാളം പണം ഉണ്ടായിരുന്നിട്ടും വീട്ടിൽ സമാധാനം ഇല്ലാത്തതിനാൽ അതിനായി എന്തെങ്കിലും പരിഹാരം ചെയ്തിട്ടുണ്ടോ?

ഞങ്ങൾ ധാരാളം ക്ഷേത്രങ്ങളിൽ പോകാൻ തുടങ്ങി. അച്ഛനും അമ്മയും എപ്പോഴും

വഴക്കിടുമായിരുന്നു. എന്റെ അച്ഛനെ ഭയന്ന് ഞാനും അമ്മയും സഹോദരിയും ടെറസിൽ ഒളിച്ചിരുന്ന ദിവസങ്ങളുണ്ടായിരുന്നു. ഈ സാഹചര്യത്തിലാണ് ഞങ്ങളുടെ അമ്മയെ അറിയാവുന്ന ഒരു സഹോദരി, 'എനിക്ക് ഒരു പാസ്റ്ററെ അറിയാം, അദ്ദേഹത്തിന്റെ അടുക്കൽ പോയി പ്രാർത്ഥിച്ചാൽ എല്ലാം ശരിയാകും' എന്നു പറഞ്ഞു. ക്രൈസ്തവരെ താഴ്ന്നവരായി കണക്കാക്കിയിരുന്നതിനാൽ, ക്രൈസ്തവരിൽ നിന്ന് വെള്ളം പോലും വാങ്ങി കുടിക്കുകയില്ല. അതുകൊണ്ട് അവർ ഓരോ ഒഴിവുകഴിവുകൾ പറഞ്ഞുകൊണ്ടിരുന്നു. പ്രശ്നം കൂടുതൽ വഷളായപ്പോൾ ഒരു ദിവസം ആ സഹോദരി ശുശ്രൂഷകനെ പ്രാർത്ഥനയ്ക്കായി കൂട്ടിക്കൊണ്ടുവന്ന്, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചു. അതിനുശേഷം ഞങ്ങൾക്കിടയിൽ വലിയ സമാധാനം ഉണ്ടാകാൻ തുടങ്ങി. തൽഫലമായി, ഞങ്ങളുടെ അമ്മയും അച്ഛനും യേശുവിനെ പൂർണ്ണഹൃദയത്തോടെ സ്വീകരിച്ചു.

## സത്യമായും എനിക്ക് വിശ്വസിക്കാൻ കഴിയുന്നില്ല... അമ്മയും അച്ഛനും യേശുവിനെ സ്വീകരിച്ചോ?

എങ്ങനെയെന്നാൽ, ഏതാനും ദിവസങ്ങൾക്കുള്ളിൽ എന്റെ അച്ഛന്റെ ജോലി സ്ഥിരമായി. 30 രൂപ ശമ്പളം 2500 രൂപയായി വർദ്ധിച്ചു. ഇക്കാരണത്താൽ എന്റെ അച്ഛന് യേശുവിൽ വലിയ വിശ്വാസമുണ്ടായി. ഇത്രയും ദിവസം ഞങ്ങൾ എത്രയോ ദൈവങ്ങളെ അന്വേഷിച്ചിട്ടും ഒരു മാറ്റവും ഉണ്ടായില്ല. പക്ഷേ പാസ്റ്റർ വന്ന് പ്രാർത്ഥിച്ചപ്പോൾ ഇത്രയേറെ അത്ഭുതങ്ങൾ നടക്കുന്നല്ലോ എന്ന് കർത്താവിനെ കൂടുതൽ അന്വേഷിക്കുവാൻ തുടങ്ങി. അടുത്തുള്ള സഭയിൽ പോകാൻ തുടങ്ങി. നമുക്ക് ജീവൻ നൽകിയ കർത്താവിനായി ജീവിക്കണം എന്ന ചിന്ത ഹൃദയത്തിൽ വന്നു. അമ്മ വളരെ തീക്ഷ്ണതയോടെ യേശുവിനെ അന്വേഷിക്കുവാൻ തുടങ്ങി.

> ക്രിസ്ത്യാനികൾ താഴ്ന്നവരാണെന്ന് കരുതി ഞങ്ങൾ അവരിൽ നിന്ന് വെള്ളം പോലും വാങ്ങുന്നില്ല.

## അമ്മയ്ക്ക് യേശുവിനോട് ഇത്രയധികം തീക്ഷ്ണത എന്തുകൊണ്ടാണ്?

എന്റെ അച്ഛൻ EBയിൽ ജോലി ചെയ്തിരുന്നതിനാൽ, വൈദ്യുതി തൂണിൽ കയറി



പാസ്റ്റർ ഗോകുൽ ജോസഫ് കുടുംബത്തോടൊപ്പം

ജോലി ചെയ്യണമായിരുന്നു. അങ്ങനെ ഒരു ദിവസം ജോലി ചെയ്തുകൊണ്ടിരുന്നപ്പോൾ, തൂൺ ഒടിഞ്ഞു താഴെ വീഴ്ന്ന് അനക്കമില്ലാതിരുന്നു. പല്ലടം ആശുപത്രിയിൽ ചികിത്സിക്കാൻ കഴിയാത്തതിനാൽ കോയമ്പത്തൂരിലെ ആശുപത്രിയിലേക്ക് കൊണ്ടുപോയി. കോയമ്പത്തൂരിൽ എത്തിയപ്പോൾ അദ്ദേഹത്തിന്റെ ശരീരം മുഴുവനും മരവിച്ചിരുന്നു. ആ സമയത്ത് എന്റെ അമ്മ യേശുവിനെ സ്വീകരിച്ചിരുന്നതിനാൽ യേശുവിൽ വിശ്വാസമുണ്ടായിരുന്നു. എന്നിരുന്നാലും നമ്മുടെ പരമ്പരാഗതമായ കുലദൈവത്തെ ഉപേക്ഷിച്ചതുകൊണ്ടാണെന്ന് കരുതി അവർ അല്പം ആശങ്കയിലായിരുന്നു. എങ്കിലും യേശുവിൽ വിശ്വാസമർപ്പിച്ച് അവർ അണിഞ്ഞിരുന്ന താലിയും വളകളുമെല്ലാം അഴിച്ചുമാറ്റി, 'കർത്താവേ എന്റെ ഭർത്താവിനെ സൗഖ്യമാക്കിയാൽ ഞാൻ അങ്ങയെ പൂർണ്ണമായും സ്വീകരിക്കാം' എന്ന് ഒരു ചെറിയ പ്രാർത്ഥന നടത്തി. എന്റെ അച്ഛനോടൊപ്പം ജോലി ചെയ്തിരുന്ന എല്ലാ സ്നേഹിതരും ഞങ്ങളോടൊപ്പം ഉണ്ടായിരുന്നു. വാഹനത്തിൽ നിന്ന് സ്ട്രെച്ചറിലൂടെ എടുത്തുകൊണ്ടുപോകാനായി ഉയർത്തിയപ്പോൾ എന്തൊരു അത്ഭുതം! അദ്ദേഹം സ്വയമായി എഴുന്നേറ്റ് നടക്കാൻ തുടങ്ങി. മരിച്ച ഒരാൾ സൗഖ്യമായി എഴുന്നേറ്റ് നടന്നത് കണ്ടപ്പോൾ അമ്മയ്ക്ക് വലിയ വിശ്വാസം ഉണ്ടായി.

## സൂപ്പർ... എന്തൊരു അത്ഭുതം! ... അച്ഛനും അമ്മയും യേശുവിനെ സ്വീകരിച്ചോ? നിങ്ങളുടെ ജീവിതം എങ്ങനെയായിരുന്നു?

എന്റെ മാതാപിതാക്കൾ സഭയിൽ പോകുമായിരുന്നു. ഞാൻ യേശുവിനെ വെറുത്തിരുന്ന സ്നേഹിതരോടൊപ്പം ചേർന്ന് ക്ഷേത്രങ്ങളിൽ പോകുമായിരുന്നു. എനിക്ക് ക്രിസ്തുമതത്തോട് വെറുപ്പായിരുന്നു. ആ ദിവസങ്ങളിൽ എനിക്ക് ധാരാളം സ്നേഹിതർ ഉണ്ടായിരുന്നു. ആരൊക്കെ റൗഡികളായിരുന്നുവോ അവരെല്ലാം എന്റെ സ്നേഹിതരായിരിക്കും. സ്കൂൾ



മുടി വെട്ടുന്നതും വ്യത്യസ്തമായിരുന്നു. 5 വിരലുകളിലും മോതിരം അണിഞ്ഞിരുന്നു. കഴുത്തിൽ ധാരാളം ചെയിനുകൾ ധരിച്ചിരിക്കും. എന്നെ കാണുവാൻ അങ്ങനെയായിരുന്നു. 'ഞാൻ യേശുവിനെ വിശ്വസിക്കുന്നു, നീ ഇങ്ങനെ നടക്കുന്നുവല്ലോ' എന്ന് എന്റെ അമ്മ എപ്പോഴും പറയുമായിരുന്നു. 'നിങ്ങൾ ആഭരണങ്ങളെല്ലാം അഴിച്ചുമാറ്റി മതം മാറിയതുകൊണ്ട് എനിക്ക് എന്റെ മതം മാറാൻ കഴിയില്ല! എനിക്ക് എന്റെ ദൈവമമാണ് പ്രധാനം' എന്ന് ഞാൻ തർക്കിക്കും. എങ്കിലും അവർ ഇടയ്ക്കിടെ എന്നോട് പറയുമായിരുന്നു. എനിക്ക് ദൈവത്തിൽ വിശ്വാസമില്ലാതിരുന്നെങ്കിലും, ദൈവത്തോട് തീക്ഷ്ണത ഉണ്ടായിരുന്നു. എന്റെ ഉള്ളിൽ യേശു വിദേശ ദൈവമാണെന്ന ചിന്തയുണ്ടായിരുന്നു. അതുകൊണ്ട് യേശു എന്ന വാക്കുപോലും എനിക്ക് ഇഷ്ടമല്ല.

## ശരി... അങ്ങനെയെങ്കിൽ എങ്ങനെയാണ് നിങ്ങൾ രക്ഷ പ്രാപിച്ചത്?

ഒരു ദിവസം 10 പേരെ ഞങ്ങൾ 20 പേർ ചേർന്ന് അടിച്ചപ്പോൾ ഒരാൾ താഴെ വീണു. ആ വ്യക്തിയെ ഞാൻ ചവിട്ടിയപ്പോൾ, അയാളുടെ പല്ല് പൊട്ടി എന്റെ കാലിൽ തുളച്ചുകയറി, രക്തം വരാൻ തുടങ്ങി. ആ തഴമ്പ് ഇപ്പോഴും ഉണ്ട്. ദിവസങ്ങൾ കടന്നുപോയപ്പോൾ എന്റെ കാൽ വീർത്ത് വേദനിക്കാൻ തുടങ്ങി. അതിനിടയിൽ ഈ വഴക്ക് ഒരു വലിയ കലാപമായി മാറി. അതിനുശേഷം 50 പേർ ചേർന്ന് എന്നെ തല്ലാൻ പദ്ധതിയിട്ടു. എനിക്ക് ഭയം വന്നുതുടങ്ങി. ധാരാളം ചർച്ചകൾ നടത്തിയിട്ടും, സമാധാനം ഉണ്ടാകില്ലെന്ന് തോന്നി. നീ കുറച്ച് ദിവസം ഒളിച്ചിരിക്കണം എന്ന് ഒരാൾ പറഞ്ഞു. എവിടെ പോകണമെന്ന് അറിയാതെ വീട്ടിൽ ടിവി കണ്ടുകൊണ്ട് കിടന്നപ്പോൾ, നാലുമാവടിയിൽ ബൈബിൾ കോളേജ് ആരംഭിക്കുവാൻ പോകുന്നു എന്ന പരസ്യം വന്നു, അതുകണ്ട അമ്മ, 'നീ ബൈബിൾ കോളേജിൽ പോയി പഠിക്ക്' എന്നു പറഞ്ഞു. എനിക്ക് വേദപുസ്തകത്തെക്കുറിച്ച് ഒന്നും അറിയില്ല. എന്നാൽ ഒരു മാസം ഒളിച്ചിരിക്കണമെന്നതുകൊണ്ട് അന്ന് രാത്രി തന്നെ അമ്മ എന്നെ നാലുമാവടിയിൽ കൊണ്ടുവന്നു.

നാലുമാവടിയിൽ എന്തിനാണ് വന്നതെന്ന് എനിക്കറിയില്ലായിരുന്നു. എന്റെ അമ്മ എന്നെ ബൈബിൾ കോളേജ് കാമ്പസിലേക്ക് കൊണ്ടുപോയി. എന്റെ രൂപം കണ്ടപ്പോൾ അവിടത്തെ **dean** എന്നെ നോക്കിയതിനുശേഷം, എന്തിനാണ് വന്നതെന്ന് ചോദിച്ചു. ബൈബിൾ കോളേജ് പഠിക്കാൻ വന്നതാണെന്ന് പറഞ്ഞപ്പോൾ, **dean** 5 മിനിറ്റ് എന്താണ് ചിന്തിച്ചതെന്ന് അറിയില്ല, ശരി എന്ന് പറഞ്ഞ് ബൈബിൾ കോളേജിൽ ചേരുവാനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി, അതിനുശേഷം അമ്മ തിരിച്ചുപോയി.

## ഒളിച്ചിരിക്കാനായി ബൈബിൾ കോളേജിൽ പോയി, അവിടെ നിങ്ങളുടെ അനുഭവങ്ങൾ പറയാമോ?

പാഠങ്ങൾ പഠിക്കുമ്പോൾ എനിക്ക് ഒന്നും മനസ്സിലായിരുന്നില്ല. ഞാൻ അങ്ങനെ ഇരുന്ന് ഉറങ്ങിയ നിരവധി ദിവസങ്ങളുണ്ടായിരുന്നു. ബൈബിൾ കോളേജിൽ ആയിരുന്നിട്ടും എന്റെയുള്ളിൽ പാപം ഉണ്ടായിരുന്നു. എങ്ങനെയെങ്കിലും ഒരു മാസം അവിടെ താമസിക്കണം എന്നല്ലാതെ എനിക്ക് യാതൊരു താൽപര്യവും ഉണ്ടായിരുന്നില്ല. എന്താണ് സംഭവിച്ചതെന്ന് എനിക്കറിയില്ല. ഒരു വർഷം ഞാൻ അവിടെ താമസിച്ചു. എന്നാൽ എനിക്ക് ഒരു മാറ്റവും ഉണ്ടായില്ല. എന്റെ സ്നേഹിതരെല്ലാവരും ദൈവഭവനത്തിൽ പോകുമ്പോൾ എന്നെയും ക്ഷണിക്കും! എന്നാൽ ഞാൻ പോകുകയില്ല! എല്ലാ ദിവസവും എന്നെ ക്ഷണിച്ചതിനാൽ വേറെ മാർഗ്ഗമില്ലാതെ ഒരു ദിവസം പോയി നോക്കാം എന്ന് പോയപ്പോൾ, അവരെല്ലാവരും പ്രാർത്ഥിച്ചു, ഞാൻ നോക്കി നിൽക്കും. ഇങ്ങനെ കുറച്ച് ദിവസം അവരോടൊപ്പം പോയതുനിമിത്തം അവർ പാടുന്ന പാട്ടുകൾ എനിക്ക് ഇഷ്ടപ്പെടാൻ തുടങ്ങി.



അങ്ങനെ ഞാൻ ഒരു ഡയറി വാങ്ങി 1000 ഗാനങ്ങൾ എഴുതി. കുറച്ച് ദിവസങ്ങൾക്ക് ശേഷം ഞാൻ ബൈബിൾ കോളേജിൽ ഇരുന്നപ്പോൾ, 'ദൈവഭവനത്തിൽ പോക' എന്ന് ഒരു ശബ്ദം എന്റെയുള്ളിൽ കേട്ടു. ഉടനെ ഞാൻ എന്റെ ഡയറിയും ബൈബിളും എടുത്ത് ദൈവഭവനത്തിലേക്ക് പോയി, മുട്ടിന്മേൽ നിന്നത് മാത്രമേ അറിയുള്ളൂ, 2 മണിക്കൂർ കരഞ്ഞു. ഞാൻ അനേകം പട്ടക്കാരെ തല്ലിയിട്ടുണ്ട്, സഭകളെ പീഡിപ്പിച്ചിട്ടുണ്ട്, ആത്മീയ സ്നേഹിതരെക്കുറിച്ച് മോശമായി സംസാരിച്ചിട്ടുണ്ട് എന്നിങ്ങനെ ഞാൻ ചെയ്ത പാപങ്ങളെല്ലാം ഏറ്റുപറഞ്ഞ് കരഞ്ഞുകൊണ്ടിരുന്നു. 2 മണിക്കൂറിനുശേഷം ഒരു ശബ്ദം, "നീ യാദൃശ്ചികമായി ഇവിടെ വന്നതല്ല, ഞാൻ നിന്നെ ഇവിടെ കൊണ്ടുവന്നു! ഞാൻ മോശയോടു കൂടെ ഇരുന്നതുപോലെ നിന്നോടുകൂടെയും ഇരിക്കും! നിന്നിലൂടെ ഞാൻ ചെയ്യുന്ന പ്രവൃത്തികൾ ഭയങ്കരമായിരിക്കും" എന്ന് കർത്താവ് സംസാരിച്ചു. ആ ശബ്ദം കേട്ടപ്പോൾ 10 മിനിറ്റ് ഞാൻ മരിച്ചവനെപ്പോലെ താഴെ വീണുകിടന്നു.

## സൂപ്പർ.... കർത്താവ് നിങ്ങളെ തിരഞ്ഞെടുത്തത് വിചിത്രമായി തോന്നുന്നു... അതിനുശേഷം നിങ്ങൾക്ക് സന്തോഷവും സമാധാനവും ലഭിച്ചോ?

'ഞാൻ നിന്നെ ശുശ്രൂഷയ്ക്കായി വിളിച്ചിരിക്കുന്നു, നിന്നെക്കുറിച്ച് എനിക്കൊരു ഉദ്ദേശ്യമുണ്ട്' എന്ന് കർത്താവ് പറഞ്ഞയുടനെ, എന്റെ പ്രാർത്ഥന പൂർത്തിയാക്കി എഴുന്നേറ്റപ്പോൾ, എന്റെ ഉള്ളിൽ വലിയ സന്തോഷവും സമാധാനവും അനുഭവപ്പെട്ടു. അതിനുശേഷം ഞാൻ വേദപുസ്തകം അധികമായി വായിക്കാൻ തുടങ്ങി. ഇതുവരെ ഞാൻ എങ്ങനെയോ ജീവിച്ചു, യേശുവിനെ അറിഞ്ഞയുടനെ, ഇനിമുതൽ അങ്ങനെ ജീവിക്കുവാൻ പാടില്ല എന്ന് നാലുമാവടിക്ക് ചുറ്റുമുള്ള എല്ലാ ഗ്രാമങ്ങളിലും പോയി സുവിശേഷം അറിയിക്കാൻ തുടങ്ങി. ചില ആത്മാക്കളെ കർത്താവിലേക്ക് നയിക്കാൻ കർത്താവ് എന്നെ സഹായിച്ചു. അതിനുശേഷം 2 വർഷം ആ ബൈബിൾ കോളേജിൽ വച്ച് പരിശുദ്ധാത്മാവ് എന്നെ ഭയങ്കരമായി പണിയുവാൻ



തുടങ്ങി. 3 വർഷം പൂർത്തിയാക്കിയ ശേഷം നാലുമാവടിയിൽ തന്നെ ശുശ്രൂഷ ചെയ്യാം എന്ന് വിചാരിച്ചു. എന്നാൽ 'ഇത് നിന്റെ സ്ഥലമല്ല! നിന്റെ സ്വദേശത്തേക്ക് പോക, നിങ്ങളെക്കൊണ്ട് ഭയങ്കര കാര്യങ്ങൾ ചെയ്യും' എന്ന് കർത്താവ് വ്യക്തമായി അരുളിച്ചെയ്തു. ഉടനെ ഞാൻ പല്ലടത്തേക്ക് പോയി.

## ശരി... ഒളിച്ചിരിക്കാൻ വന്ന നിങ്ങളെ കർത്താവ് പണിത് സ്വദേശത്തേക്ക് അയച്ചു... അവിടെ ശുശ്രൂഷ ചെയ്യാനുള്ള അവസരം എങ്ങനെ ലഭിച്ചു?



എന്റെ അമ്മ വീട്ടിൽ 4 പേരോടൊപ്പം പ്രാർത്ഥിക്കാറുണ്ടായിരുന്നു. അവരോടും എന്റെ അമ്മയോടും കൂടെ സഭാ ശുശ്രൂഷ ചെയ്യാൻ തുടങ്ങി. എന്നാൽ ഭയങ്കര എതിർപ്പുകൾ ഉണ്ടായി. എന്നെ സഹായിക്കാൻ ആരുമില്ലായിരുന്നു. ഞാൻ പ്രാർത്ഥനയോടെ ശുശ്രൂഷ ചെയ്തപ്പോൾ നിരവധി അത്ഭുതങ്ങൾ സംഭവിക്കാൻ തുടങ്ങി. അത് കണ്ടപ്പോൾ ആത്മാക്കൾ വന്നു തുടങ്ങി. ആരംഭിച്ചപ്പോൾ ഞങ്ങൾ 4 പേരുണ്ടായിരുന്നു, ഇന്ന് സഭയിൽ 100 പേരുണ്ട്. ഒരാൾ പോലും പാരമ്പര്യ ക്രൈസ്തവരല്ല. യേശുവിനെ അറിയാത്ത കുടുംബത്തിൽ നിന്നും രക്ഷ പ്രാപിച്ചവരായിരുന്നു. ഇതിനായി ഞാൻ ഗ്രാമങ്ങളിൽ പോയി സുവിശേഷം അറിയിച്ചു, അവരെ കർത്താവിലേക്ക് നയിച്ചതുകൊണ്ട് 100 പേർ കൂടിവന്ന് ആരാധിക്കാൻ കർത്താവ് കൃപ നൽകി. സ്വന്തമായി ഞാൻ വീട് പണിതു, വീടിന്റെ മൂന്നാമത്തെ നിലയിൽ സഭാരാധന നടത്തിവരുന്നു. ഏത്



സ്ഥലത്ത് സഭ നടത്തുവാൻ പാടില്ല എന്ന് പറഞ്ഞുവോ, അവിടെ തന്നെ ഇന്ന് ഞങ്ങൾ സന്തോഷത്തോടെ സഭ നടത്തിവരുന്നു. ഏത് സ്നേഹിതരോട് വഴക്കിട്ട് ഓടി ഒളിച്ചുവോ, അതേ സ്നേഹിതർ എനിക്ക് സഹായമായിരിക്കുന്നു.

## നിങ്ങളുടെ വിവാഹജീവിതത്തെക്കുറിച്ച് പറയാമോ?

മൂന്ന് വർഷം മുമ്പാണ് ഞാൻ വിവാഹിതനായത്. എന്റെ ഭാര്യയുടെ പേര് ജെനിഫർ സമന്ത, അവൾ എല്ലാ വിധത്തിലും എനിക്ക് പിന്തുണയായിരിക്കുന്നു. 3 വർഷമായി ഞങ്ങൾക്ക് കുഞ്ഞുങ്ങളില്ലായിരുന്നു. ഈ മൂന്ന് വർഷത്തിനിടയിൽ, ഞങ്ങൾ കേൾക്കാത്ത അപമാനമില്ല. എന്നാൽ കർത്താവിന്റെ കൃപയാൽ 2025 ജൂലൈ 29ന് ഞങ്ങൾക്ക് ഒരു പെൺകുഞ്ഞിനെ നൽകി കർത്താവ് അനുഗ്രഹിച്ചു! ഏത് സ്ഥലത്ത്



ലജ്ജ നേരിട്ടുവോ അതേ സ്ഥലത്തിൽ ഞങ്ങളുടെ തല ഉയർത്തി മാനിച്ചു.

## യൗവനക്കാരോട് എന്താണ് പറയാനുള്ളത്?

ഇന്ന് നിങ്ങൾക്ക് ചുറ്റും ആയിരം സ്നേഹിതരും ബന്ധുക്കളും ഉണ്ടായിരിക്കാം. എന്നാൽ കർത്താവിന് നിങ്ങളെ ആവശ്യമുള്ളതിനാലാണ് ഈ സത്യം നിങ്ങൾ വായിച്ചുകൊണ്ടിരിക്കുന്നത്. നിങ്ങളെ തള്ളിയിടുവാൻ പോരാടുന്ന നിരവധി കാര്യങ്ങൾ ഈ ലോകത്തിലുണ്ട്. എന്നാൽ അതെല്ലാം മാറ്റിവച്ച് കർത്താവിനുവേണ്ടി തീക്ഷ്ണതയോടെ നിലകൊള്ളുകയാണെങ്കിൽ, കർത്താവ് നിങ്ങളെ ഈ ദേശത്തിൽ ഒരു അടയാളമാക്കും! യൗവനക്കാരേ, എഴുന്നേറ്റ് പ്രകാശിക്കുവിൻ!

**പ്രിയ യൗവനക്കാരേ, ഭക്തി നിറഞ്ഞ കുടുംബത്തിൽ ജനിച്ച് കുറ്റകൃത്യങ്ങൾ ചെയ്ത് വീട്ടിൽ നിന്ന് ഓടിപ്പോയ സഹോദരൻ ഗോകുൽ ജോസഫിനെ മാറ്റാൻ കർത്താവിന് കഴിഞ്ഞെങ്കിൽ, സമാനമായ സാഹചര്യത്തിൽ ഓടി ഒളിച്ചുകൊണ്ടിരിക്കുന്ന നിങ്ങളെയും മാറ്റാൻ കർത്താവിന് കഴിയും. എന്നാൽ യേശുവിന് നിങ്ങളുടെ ഹൃദയത്തിൽ സ്ഥാനം നൽകിയാൽ മാത്രമേ കർത്താവിന് നിങ്ങളെ ദൈവപൈതലാക്കി മാറ്റുവാൻ കഴിയൂ!**

# ഇത് അല്ല ട്രെൻഡ്







ഹലോ ഫ്രണ്ട്സ്, സുഖമാണോ? ഈ ലേഖനത്തിലൂടെ വീണ്ടും നിങ്ങളെ കാണാൻ കഴിഞ്ഞതിൽ സന്തോഷം.

## ആരാധനയിൽ മാതൃക

ഈ നാളുകളിൽ ക്രൈസ്തവ യൗവനക്കാരുടെ മദ്ധ്യത്തിൽ ആരാധന വളരെ ട്രെൻഡായിരിക്കുന്നു. ഈ കാലഘട്ടത്തിൽ ആരാധന എന്നാൽ അതിൽ ധാരാളം സംഗീതം ഉൾപ്പെടുന്ന പാട്ടുകളുടെയും നൃത്തങ്ങളുടെയും സംയോജനമായിരിക്കുന്നു. വേദപുസ്തകത്തിലുടനീളം നമ്മൾ പരിശോധിച്ചാൽ, നൃത്തം ചെയ്തുള്ള ആരാധന എന്നത് വ്യക്തിപരമായ കാര്യമായാണ് കാണുന്നത്.

എന്റെ പ്രിയപ്പെട്ട യൗവനക്കാരെ! വിശുദ്ധ വസ്ത്രാലങ്കാരത്തോടെ കർത്താവിനെ ആരാധിക്കണം എന്നാണ് വേദപുസ്തകത്തിൽ വായിക്കുന്നത്. എന്നാൽ നമ്മുടെ ചിന്തകളും പ്രവർത്തികളും എങ്ങനെയിരിക്കുന്നു? എല്ലാവരും നൃത്തം ചെയ്യുന്നതിനാൽ നാമും നൃത്തം ചെയ്യുന്നതും, മറ്റുള്ളവർ ലൗകിക കാര്യങ്ങൾ ചെയ്യുന്നതുപോലെ നാമും ചെയ്യുന്നത് ശരിയായ ആരാധനയായിരിക്കില്ല. ആരാധനയിൽ പരമാനന്ദമല്ല, വിശുദ്ധിയാണ് പ്രധാനം.

ആമോസ് പ്രവാചകന്റെ പുസ്തകത്തിൽ നിന്റെ പാട്ടുകളുടെ ശബ്ദം എന്നിൽ നിന്ന് നീക്കുക എന്ന് എഴുതിയിരിക്കുന്നു. നമ്മുടെ ആരാധന കർത്താവിന് പ്രസാദകരമാകുമ്പോൾ മാത്രമേ സ്വീകരിക്കപ്പെടുകയുള്ളൂ എന്നാണ് ഇതിനർത്ഥം. കർത്താവിന് പ്രസാദകരമല്ലാത്ത ഏതൊരു ആരാധനയും കർത്താവിന് പ്രിയമുള്ളതാകില്ല. അത് കർത്താവിന്റെ കാതുകൾക്ക് ഒരു ശബ്ദമായി മാത്രമേ തോന്നുകയുള്ളൂ.

പ്രധാനമായി ഫ്രണ്ട്സ്, നാം പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും കൂടെയാണോ ആരാധിക്കുന്നത്? ചിന്തിച്ചു നോക്കൂ! ആരാധന എന്നാൽ അതിൽ ദൈവത്തിന്റെ സാന്നിധ്യവും മഹത്വവും ഉണ്ടാകും. ആരാധന എവിടെ നിന്നാണ് ഉത്ഭവിച്ചത് എന്നാൽ, സ്വർഗ്ഗത്തിൽ കെരൂബുകളും സാറാഫുകളും പരിശുദ്ധൻ, പരിശുദ്ധൻ എന്നു പറഞ്ഞുകൊണ്ട് നിരന്തരം കർത്താവിനെ സ്തുതിച്ചുകൊണ്ടിരിക്കുന്നു.

തുടക്കത്തിൽ ആരാധന നയിച്ചിരുന്ന ലൂസിഫർ അഹങ്കാരത്തിൽ വീണുപോയതിനുശേഷം, കർത്താവിന് ഹിതമല്ലാത്ത ആരാധന ജനങ്ങളുടെ മദ്ധ്യത്തിൽ വിതയ്ക്കാൻ തുടങ്ങി. സ്നേഹിതരെ, ആരാധനയിൽ ജാഗ്രത പാലിക്കുക.

എനിക്ക് എല്ലാം അനുഭവിക്കാൻ അധികാരമുണ്ട്! എന്നാൽ എല്ലാം എനിക്ക് അനുയോജ്യമല്ല എന്ന് പൗലൊസ് പറയുന്നു. നാം ആരാധിക്കുമ്പോൾ നമ്മുടെ നടത്തവും വസ്ത്രവും വിശുദ്ധിക്ക് അനുസൃതമായിരിക്കണം. ഇടർച്ചയ്ക്ക് കാരണമാകുന്ന കാര്യങ്ങൾ നമ്മുടെ ഉള്ളിൽ സൂക്ഷിച്ചുകൊണ്ട് ആരാധിക്കുകയും കർത്താവ് പറഞ്ഞിട്ടില്ലാത്ത കാര്യങ്ങൾ പറയുകയും ചെയ്യുന്നത് ആരാധനയല്ല. കർത്താവിന്റെ നാമം ഉയർത്തപ്പെടുമ്പോൾ മാത്രമേ ആ ആരാധന പൂർണ്ണമാകുകയുള്ളൂ.

**എന്റെ പ്രിയ സ്നേഹിതരെ, ഈ യൗവന കാലഘട്ടത്തിൽ നാം എന്ത് പരിശീലിക്കുന്നുവോ എന്ത് ഗ്രഹിക്കുന്നുവോ അതാണ് വരും ദിവസങ്ങളിൽ നമ്മുടെ പിൻഗാമികൾക്ക് കൈമാറുന്നത്. ആരാധനയാണ് നമ്മുടെ ഇടയിൽ കർത്താവിന്റെ സാന്നിധ്യം കൊണ്ടുവരുന്നത്. അതേസമയം, ആ ആരാധന തെറ്റാണെങ്കിൽ, കർത്താവിന്റെ കോപം നമ്മുടെ മേൽ വരും. ഈ യൗവനത്തിൽ കർത്താവിനെ ആരാധിക്കുന്നതിൽ നാം വിശ്വസ്തരായിരിക്കണം. ഇന്നുമുതൽ, കർത്താവിന് ഇഷ്ടമുള്ളതുപോലെ, വിശുദ്ധിയോടെ നാം കർത്താവിനെ ആരാധിക്കണം. കർത്താവിന് ഇഷ്ടമല്ലാത്തത് നീക്കം ചെയ്ത് നമ്മുടെ ട്രെൻഡ് മാറ്റാം. കർത്താവുമായി നമുക്ക് ഒരു ബന്ധം സ്ഥാപിക്കാം!**



# വചനത്തിലുള്ള വിശ്വാസം

യേശു ഭൂമിയിൽ ജീവിച്ചിരുന്ന കാലത്ത് ജനങ്ങൾക്ക് അത്ഭുതങ്ങൾ ചെയ്യുന്നവനായും, രോഗസൗഖ്യവും വിടുതലും നൽകുന്നവനായും, നന്മ ചെയ്യുന്നവനായും സഞ്ചരിച്ചിരുന്നതായി വചനത്തിൽ വായിക്കുന്നു. എല്ലാത്തരം ആളുകളും വിടുതലിനും രോഗസൗഖ്യത്തിനുമായി യേശുവിനെ അന്വേഷിച്ചു വന്നു.



അശുദ്ധാത്മാവ് ബാധിച്ച്, മരണവേദനയാൽ കഷ്ടപ്പെട്ട തന്റെ മകന്റെ വിടുതലിനായി ഒരു പിതാവ് യേശുവിനെ അന്വേഷിച്ചു വന്നു. നിന്നാൽ വല്ലതും കഴിയും എങ്കിൽ മനസ്സലിഞ്ഞു ഞങ്ങളെ സഹായിക്കേണമേ എന്ന് പറഞ്ഞു. അപ്പോൾ യേശു അവനോട്: നിന്നാൽ കഴിയും എന്നോ വിശ്വസിക്കുന്നവനു സകലവും കഴിയും (മർക്കൊസ് 9:23) എന്നു പറഞ്ഞു. നമ്മുടെ വിശ്വാസത്തിലൂടെയാണ് ദൈവത്തിൽ നിന്ന് അത്ഭുതങ്ങൾ പ്രാപിക്കുന്നത്.

## എന്ത് വിശ്വസിക്കണം?

ദൈവവചനവും, കർത്താവ് നൽകുന്ന അരുളപ്പാടുകളും നാം വിശ്വസിക്കണം. മത്തായി 8:8ൽ ഒരു ശതാധിപൻ യേശുവിന്റെ അടുക്കൽ വന്ന് കർത്താവേ, എന്റെ ബാല്യക്കാരൻ പക്ഷവാതം പിടിച്ചു കഠിനമായി വേദനപ്പെട്ടു വീട്ടിൽ കിടക്കുന്നു, അങ്ങ് ഒരു വാക്ക് മാത്രം കല്പിച്ചാൽ എന്റെ ബാല്യക്കാരനു സൗഖ്യം വരും എന്നു പറഞ്ഞു. അതിന് യേശു, ഞാൻ വന്ന് അവനെ സൗഖ്യമാക്കും. അതിനു ശതാധിപൻ,



അങ്ങയുടെ വാക്കുകളിൽ ശക്തിയുണ്ട് ഒരു വാക്ക് കല്പിച്ചാൽ മതി, വീട്ടിൽ എന്റെ ബാല്യക്കാരന് അത്ഭുതം നടക്കും എന്നു പറഞ്ഞു. ശതാധിപന് യേശുവിൽ അത്രയേറെ വിശ്വാസമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ വിശ്വാസത്തെ കർത്താവ് മാനിച്ചു.

## തിരുവചനത്തിൽ വിശ്വാസമർപ്പിച്ചുകൊണ്ട് എങ്ങനെ അത്ഭുതം പ്രാപിക്കാൻ കഴിയും?

ഒരു സഹോദരൻ രോഗം ബാധിച്ച്, ഇനി ഇദ്ദേഹം ജീവിക്കുന്നത് പ്രയാസമാണ് എന്നു പറഞ്ഞ് ഡോക്ടർ കൈവിട്ട സാഹചര്യത്തിൽ, അദ്ദേഹം പ്രാർത്ഥനയോടെ വചനം ധ്യാനിച്ചപ്പോൾ, "ഞാൻ മരിക്കയില്ല; ഞാൻ ജീവനോടെയിരുന്നു യഹോവയുടെ പ്രവൃത്തികളെ വർണിക്കും. യഹോവ എന്നെ കഠിനമായി ശിക്ഷിച്ചു; എന്നാലും അവൻ എന്നെ മരണത്തിന് ഏല്പിച്ചിട്ടില്ല" (സങ്കീർത്തനം 118:17.18) എന്ന വചനം കർത്താവ് അദ്ദേഹത്തിന് കാണിച്ചുകൊടുത്തു.

ഈ വചനം തന്റെ ചെവികളിൽ കേൾക്കാൻ കഴിയുന്നവിധത്തിൽ ഉച്ചത്തിൽ ആവർത്തിച്ച് വായിച്ചപ്പോൾ അദ്ദേഹത്തിന്റെ വിശ്വാസം വളരാൻ തുടങ്ങി. ഈ വചനം തനിക്കുള്ളതാണെന്ന്

ഏറ്റെടുത്ത് സ്തുതിച്ചപ്പോൾ അദ്ദേഹം സൗഖ്യം പ്രാപിച്ചു, ഇന്ന് യേശുവിനെ സാക്ഷ്യമായി അറിയിച്ചുവരുന്നു. വചനത്തിന്മേലുള്ള വിശ്വാസത്താൽ മാത്രമേ അത്ഭുതം പ്രാപിക്കുവാൻ കഴിയൂ.

## എനിക്ക് ഒട്ടും വിശ്വാസമില്ല ... എങ്ങനെ എനിക്ക് ഈ വിശ്വാസം ഉണ്ടാകും എന്ന ചോദ്യം നിങ്ങൾക്കുള്ളിലുണ്ടോ?

'ആകയാൽ വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു' (റോമർ10:17). യേശു ഇന്നലെയും ഇന്നും എന്നേക്കും അനന്യനാണ്! കർത്താവിന്റെ കരുണ മാറുകയില്ല, സ്നേഹം മാറുകയില്ല, ഇപ്പോഴും അത്ഭുതം പ്രവൃത്തിക്കുന്നു എന്ന് വിശ്വാസത്തിന്റെ വാക്കുകൾ പറയുകയും, കർത്താവിന്റെ വചനം വായിച്ച്, പരിശുദ്ധാത്മാവിന്റെ സഹായത്തോടെ ധ്യാനിക്കുകയും ചെയ്യുമ്പോൾ, നിങ്ങളിലെ വിശ്വാസം വളരും. അവിശ്വാസത്തിന്റെ വാക്കുകൾ സംസാരിക്കുമ്പോൾ അവിശ്വാസം മാത്രമേ ഉണ്ടാകുകയുള്ളൂ.

തിരുവചനം തെറ്റായി പ്രബോധിപ്പിക്കുമ്പോൾ പിശാചിന്റെ ശക്തി അതിൽ പ്രവർത്തിച്ച്, നിങ്ങളുടെ വിശ്വാസം തകർക്കുകയും, അവിശ്വാസം നിങ്ങളിൽ വിതയ്ക്കുകയും ചെയ്യും. വചനം വിശ്വസിച്ച് കേൾക്കുമ്പോൾ, പരിശുദ്ധാത്മാവ് പ്രവർത്തിക്കുകയും, നിങ്ങൾക്കുള്ളിൽ വിശ്വാസത്തെ വർദ്ധിപ്പിക്കുകയും ചെയ്യും. വചനം കേൾക്കുമ്പോൾ നിങ്ങളുടെ വിശ്വാസം വളരും. അത്ഭുതങ്ങൾ പ്രാപിക്കും. ദൈവവചനം കേൾക്കുന്നതിലൂടെ വിശ്വാസം വളരും. ഇത് ജീവനും ശക്തിയുമുള്ള വചനമാണ്. വചനത്തിന് ജീവനുണ്ട്, അത് പ്രവർത്തിക്കുകയും ജനങ്ങളിൽ വിശ്വാസം വർദ്ധിപ്പിക്കുകയും ചെയ്യും.

ദക്ഷിണ കൊറിയയിൽ ബുദ്ധമതത്തിലുള്ള 17 വയസ്സുള്ള ഒരു യൗവനക്കാരൻ രണ്ട് ശ്വാസകോശങ്ങളും തകരാറിലായി ശ്വസിക്കുവാൻ കഴിയാതെ, ഡോക്ടർമാരാൽ ഉപേക്ഷിക്കപ്പെട്ട് മരണക്കിടക്കയിൽ ആയിരുന്നു . ആ വാർത്ത കേട്ട് യേശുവിൽ വിശ്വസിച്ചിരുന്ന ഒരു പെൺകുട്ടി 'യൗവനപ്രായത്തിൽ ഈ സഹോദരൻ മരിച്ചുപോകുമോ?' എന്ന ഭാരത്തോടെ, അവനെ കണ്ട് പ്രാർത്ഥിച്ചതിനുശേഷം "ഈ വചനം വായിക്കുവിൻ" എന്നു പറഞ്ഞ് ഒരു പുതിയ നിയമം നൽകിയപ്പോൾ, അവൻ വേദപുസ്തകത്തെ വലിച്ചെറിഞ്ഞ്, "എനിക്ക് ഒരു ദൈവത്തിൽ വിശ്വാസമുണ്ട്, നീ യേശുക്രിസ്തു എന്ന പുതിയ ദൈവത്തെക്കുറിച്ച് എന്നോട് പറയാൻ വന്നിരിക്കുന്നോ" എന്നു പറഞ്ഞ് അവളെ അപമാനിച്ച് പറഞ്ഞുവിട്ടു. ആ കൊച്ചു പെൺകുട്ടി അപമാനത്തോടെ പുതിയ നിയമവുമെടുത്തു കൊണ്ട് പോയി. വീണ്ടും ഒരു ദിവസം "യേശു നിങ്ങൾക്ക് അത്ഭുതം ചെയ്യും" എന്ന വചനം വായിക്കാൻ പറഞ്ഞപ്പോൾ, അവൻ ദേഷ്യത്തോടെ ആ കൊച്ചു പെൺകുട്ടിയെ തല്ലി.



വീണ്ടും മൂന്നാമത്തെ പ്രാവശ്യം വന്നപ്പോൾ, ഇവളെ തല്ലിയിട്ടും അപമാനിച്ചിട്ടും വരുന്നല്ലോ എന്ന് വേദപുസ്തകത്തെ വാങ്ങി കട്ടിലിന്റെ അടുത്ത് വച്ചു. കുറച്ച് ദിവസങ്ങൾക്ക് ശേഷം, ആ പെൺകുട്ടി ഒരു പുസ്തകം തന്നല്ലോ, അതിൽ എന്താണുള്ളത് എന്ന് തുറന്ന് വായിച്ചപ്പോൾ വേദപുസ്തകം അടയ്ക്കുവാൻ കഴിഞ്ഞില്ല. യേശു ഇങ്ങനെയൊരു ദൈവമാണോ എന്ന് അത്ഭുതപ്പെട്ടു. വചനം വായിക്കുന്തോറും അവന്റെ വിശ്വാസം വളരുവാൻ തുടങ്ങി. മരിച്ചിട്ടും ഇന്നും ജീവനോടിരിക്കുന്ന യേശുക്രിസ്തു എനിക്കും സൗഖ്യം നൽകും, എന്റെ രോഗം സൗഖ്യമാക്കും എന്ന് അവനിൽ വിശ്വാസമുണ്ടായി. അവൻ കർത്താവിനോട് പ്രാർത്ഥിക്കാൻ തുടങ്ങി. കർത്താവ് പ്രാർത്ഥന കേട്ട് അവനെ തൊട്ടു സൗഖ്യമാക്കി മരണക്കിടക്ക മാറ്റി, ആ യൗവനക്കാരനാണ് പിന്നീട് ലോകത്തിൽ ഏറ്റവും വലിയ പള്ളി സ്ഥാപിച്ച ഡോ. പോൾ യോങ്കി ചോ. മരിക്കാൻ കിടന്നപ്പോൾ വചനം അദ്ദേഹത്തിൽ വിശ്വാസം കൊണ്ടുവന്നു. ഇന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ? അന്ന് അത്ഭുതങ്ങൾ പ്രവർത്തിച്ച കർത്താവ് ഇന്നും അത്ഭുതങ്ങൾ ചെയ്യുമെന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ?

**പ്രിയ യൗവനക്കാരെ! തിരുവചനത്തിൽ ജീവനുണ്ട്. എല്ലാ ദിവസവും വചനം വായിക്കുമ്പോൾ വിശ്വാസം വളരും. പരിശുദ്ധാത്മാവ് നിങ്ങൾക്കുള്ളിൽ പ്രവർത്തിക്കും. അന്ത്യകാലത്ത് തിരുവചനം ഉത്സാഹത്തോടെ വായിച്ച് ഹൃദയത്തിന്റെ പലകയിൽ എഴുതി വയ്ക്കുവിൻ!**

# ജീവിപ്പിക്കുന്ന വചനം

ദൈവവചനം ഒരു വാൾ പോലെ നമ്മുടെ ഹൃദയത്തിൽ തുളച്ചുകയറുകയും നമ്മുടെ ചിന്തകളെയും ഉദ്ദേശ്യങ്ങളെയും വിവേചിച്ച് വെളിപ്പെടുത്തുകയും ചെയ്യുന്നു.





വേദപുസ്തകം ഒരു വഴികാട്ടി കൂടിയാണ്. "നിന്റെ വചനം എന്റെ കാലിനു ദീപവും എന്റെ പാതയ്ക്കു പ്രകാശവും ആകുന്നു" (സങ്കീർത്തനം 119:115). ജീവിതം ആശയക്കുഴപ്പത്തിലും അനിശ്ചിതത്വത്തിലും ആകുമ്പോൾ, വേദപുസ്തകം നമുക്ക് ശരിയായ പാത കാണിച്ചുതരുന്നു.

തിരുവചനം നിങ്ങളുടെ ഹൃദയത്തിൽ ഉൾക്കൊള്ളുമ്പോൾ, നിങ്ങൾക്ക് ശരിയായ തീരുമാനങ്ങൾ എടുക്കാൻ കഴിയും. ദൈവവചനം നിങ്ങളുടെ ഹൃദയത്തിൽ പകരുമ്പോൾ വചനം നിങ്ങളെ പാപത്തിന്റെ പാതയിൽ നടക്കുവാൻ അനുവദിക്കില്ല. വിശുദ്ധിയുടെ പാതയിലേക്ക് വഴിനടത്തും. നമുക്ക് പരീക്ഷണങ്ങളും കഷ്ടങ്ങളും നേരിടുന്ന സാഹചര്യത്തിൽ, ദൈവവചനം നമ്മെ ആശ്വസിപ്പിക്കും. അതുകൊണ്ട്, ദൈവവചനം വായിച്ചാൽ മാത്രം പോരാ, അവ നമ്മുടെ ഹൃദയത്തിൽ എഴുതിവയ്ക്കണം. ദൈവവചനം നമ്മുടെ ഹൃദയത്തിൽ ആഴമായിരുന്നാൽ, ദൈവത്തിന് വിരോധമായി പാപം ചെയ്യുന്നതിൽ നിന്ന് അത് നമ്മെ തടയും. "ഞാൻ നിന്നോടു പാപം ചെയ്യാതിരിക്കേണ്ടതിനു നിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു" (സങ്കീർത്തനം 119:11). ദൈവവചനം നമ്മുടെ ഹൃദയത്തിൽ ഇരിക്കുമ്പോൾ നമുക്ക് പാപത്തിൽ വീഴാതിരിക്കുവാൻ കഴിയും.

പാപത്തിൽ ബന്ധിക്കപ്പെട്ടിരിക്കുന്ന ജനങ്ങൾ വിടുതൽ പ്രാപിക്കണമെങ്കിൽ, കർത്താവിന്റെ വചനം ജനങ്ങളുടെ മദ്ധ്യത്തിൽ അറിയിക്കണം. അപ്പോൾ ബന്ധിക്കപ്പെട്ടിരിക്കുന്ന ജനങ്ങളുടെ ഹൃദയം കുത്തി തുളയ്ക്കപ്പെട്ട് മാനസാന്തരപ്പെടും. പൗലൊസും ശീലാസും ഫിലിപ്പിയിൽ കുറച്ച് ദിവസം താമസിച്ച് സാധാരണയായി പ്രാർത്ഥിക്കുന്ന നദിക്കരയിൽ ഇരുന്ന്, അവിടെ കൂടിവന്ന സ്ത്രീകളോട് സുവിശേഷം പ്രസംഗിച്ചു. അപ്പോൾ



തുയത്തൈരാ പട്ടണക്കാരത്തിയായ ലുദിയാ എന്ന സ്ത്രീ അവിടെ ഉണ്ടായിരുന്നു. പൗലൊസ് പ്രസംഗിച്ച ദൈവവചനം ശ്രദ്ധിച്ചപ്പോൾ കർത്താവ് അവളുടെ ഹൃദയം തുറന്നു. അപ്പോൾ അവൾ കർത്താവിനെ സ്വീകരിച്ചു എന്ന് മാത്രമല്ല, അവളും വീട്ടുകാരും സ്നാനം ഏറ്റു (അപ്പൊ. പ്രവർത്തികൾ 16:15). ദൈവാലയം ഇല്ലാതിരുന്ന ഫിലിപ്പിയിൽ, ലുദിയയുടെ വീട് സഭ കൂടിവരുന്ന സ്ഥലമായി മാറി. ദൈവവചനം ഇപ്രകാരം പാപത്താൽ മരണപ്പെട്ടുപോയ അവരുടെ ജീവിതത്തെ ഉയിർപ്പിച്ചു.

ഇതിനുശേഷം, പൗലൊസും ശീലാസും കാരാഗൃഹത്തിലായിരിക്കുമ്പോൾ, അവർ ദൈവത്തെ ഇടവിടാതെ സ്തുതിച്ചുകൊണ്ടിരുന്നു. അപ്പോൾ കാരാഗൃഹത്തിന്റെ അടിസ്ഥാനങ്ങൾ കുലുങ്ങി, കാരാഗൃഹത്തിന്റെ വാതിലുകൾ തുറന്നു. ഇതു കണ്ട കാരാഗൃഹപ്രമാണി വാൾ എടുത്ത് ആത്മഹത്യ ചെയ്യുവാൻ തുടങ്ങിയപ്പോൾ, "നിനക്ക് ഒരു ദോഷവും ചെയ്യരുത്; ഞങ്ങൾ എല്ലാവരും ഇവിടെ ഉണ്ടല്ലോ" എന്ന് പൗലൊസും ശീലാസും ഉറക്കെ വിളിച്ചുപറഞ്ഞു (അപ്പൊ. പ്രവർത്തികൾ 16:28).

പിന്നെ അയാൾ വീട്ടിലുള്ള എല്ലാവരോടും കർത്താവിന്റെ വചനം ഉപദേശിച്ചു. വചനം കേട്ടവരെല്ലാം രക്ഷ പ്രാപിക്കുകയും സ്നാനമേൽക്കുകയും ചെയ്തു. തിരുവെഴുത്തുകൾ ജനങ്ങളെ പാപത്തിൽ നിന്ന് അകറ്റുന്നു. അതുകൊണ്ട് അന്ത്യനാളുകളിൽ വരാനിരിക്കുന്ന വചനക്ഷാമകാലത്ത്, കർത്താവിന്റെ വചനം നമ്മുടെ ഉള്ളത്തിൽ ഇരിക്കുമ്പോൾ, ധൈര്യമായി ജനങ്ങളോട് അറിയിക്കാൻ കഴിയും.

കർത്താവായ യേശുക്രിസ്തുവിനെ പരീക്ഷിക്കാൻ പിശാച് വന്നപ്പോൾ, യേശു തന്റെ ഹൃദയത്തിൽ സംഗ്രഹിച്ചിരുന്ന തിരുവെഴുത്തുകളിലൂടെയാണ് സാത്താനെ പരാജയപ്പെടുത്തിയത്. ഹൃദയത്തിൽ പതിച്ചിരിക്കുന്ന കർത്താവിന്റെ വചനം നമ്മെ ഉയിർപ്പിക്കും. അതുകൊണ്ട് ദൈവവചനം നമ്മുടെ ഹൃദയത്തിന്റെ ആഴത്തിൽ സംഗ്രഹിക്കണം.

**പ്രിയപ്പെട്ട യൗവനക്കാരേ! ദൈവവചനം ഇരുവായ്ത്തലയുള്ള വാൾ പോലെയാണ്. പരീക്ഷണ ദിവസങ്ങളിൽ നിങ്ങളെ രക്ഷിക്കുകയും ഉയിർപ്പിക്കുകയും ചെയ്യുന്നത് ദൈവവചനമല്ലാതെ മറ്റൊന്നല്ല. "മകനേ, എന്റെ വചനങ്ങളെ പ്രമാണിച്ച് എന്റെ കല്പനകളെ നിന്റെ ഉള്ളിൽ സംഗ്രഹിച്ചുകൊൾക" (സദൃശ. 7:1) എന്ന വചനപ്രകാരം കർത്താവിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുവിൻ. അപ്പോൾ കർത്താവ് നിങ്ങളിൽ തീ പകർന്ന് എഴുന്നേൽപ്പിക്കും. യേശുവിനെപ്പോലെ നിങ്ങളും വചനത്തിൽ വസിക്കുമ്പോൾ, സാത്താനെയും അവന്റെ തന്ത്രങ്ങളെയും ജയിച്ച് വിജയകരമായ ജീവിതം നയിക്കാൻ നിങ്ങൾക്ക് കഴിയും!**






# വീണ്ടും തളിർത്ത അത്തിമരം

പ്രിയ സ്നേഹിതർക്ക് യേശുക്രിസ്തുവിന്റെ നാമത്തിൽ ആശംസകൾ! വീണ്ടും തളിർത്ത അത്തിമരം എന്ന ബൈബിൾ ചരിത്രത്തിലൂടെ നിങ്ങളെ സന്ദർശിച്ചതിൽ വളരെ സന്തോഷമായിരിക്കുന്നു.

സ്നേഹിതരെ, കഴിഞ്ഞ മാസം ഇസ്രായേലിന്റെ ദൈവം ഇസ്രായേലിനുവേണ്ടി യുദ്ധം ചെയ്ത കാര്യങ്ങളെക്കുറിച്ച് നാം വായിച്ചു. ഈ മാസം ഇസ്രായേൽ അതായത് വീണ്ടും തളിർത്ത അത്തിമരവും യേശു വിടുവിക്കുന്നു ശുശ്രൂഷയുമായുള്ള ബന്ധത്തെക്കുറിച്ച് അറിയുവാൻ പോകുന്നു.

സ്നേഹിതരെ, യേശു വിടുവിക്കുന്നു ശുശ്രൂഷയെക്കുറിച്ച് നിങ്ങൾക്ക് നന്നായി അറിയാമെന്ന് ഞാൻ വിശ്വസിക്കുന്നു. 46 വർഷമായി കർത്താവ് യേശു വിടുവിക്കുന്നു ശുശ്രൂഷ നടത്തിവരുന്നു. കഴിഞ്ഞ 20 വർഷമായി യേശു വിടുവിക്കുന്നു ശുശ്രൂഷയിലൂടെ എല്ലാ വർഷവും 50 പേരുൾപ്പെടുന്ന സംഘം ഇസ്രായേൽ ദേശത്തേക്ക് യാത്ര പോകുന്നു. യേശു വിടുവിക്കുന്നു ശുശ്രൂഷയോട് വളരെ ഐക്യമുള്ള കുടുംബങ്ങളാണ് സാധാരണയായി യാത്രയിൽ പങ്കെടുക്കുന്നത്. ഇങ്ങനെ പോകുമ്പോഴെല്ലാം ഞങ്ങൾ സാധാരണയായി ഗെത്ത്ശെമന തോട്ടത്തിൽ വ്യക്തിപരമായും കുടുംബമായും പ്രാർത്ഥിക്കാറുണ്ട്.

2015ൽ ഇസ്രായേലിലേക്കുള്ള യാത്രയ്ക്കിടെ, നമ്മുടെ സഹോദരൻ മോഹൻ സി. ലാസറസ്







ഇസ്രായേലിലെ ഗെത്ശമന തോട്ടത്തിൽ ഇസ്രായേലിന്റെ സമാധാനത്തിനായി പ്രാർത്ഥിച്ചപ്പോൾ, കർത്താവ് ഇടപെട്ടു, 'ഇസ്രായേല്യർക്ക് രക്ഷ വരാതെ സമാധാനം എങ്ങനെ ഉണ്ടാകും' എന്ന് വ്യക്തമായി പറഞ്ഞു. ഇസ്രായേല്യർ എല്ലാവരും രക്ഷ പ്രാപിക്കും എന്ന ദൈവവചനത്തിലേക്ക് കർത്താവ് വിരൽ ചൂണ്ടുകയും ഇസ്രായേല്യർ രക്ഷ പ്രാപിക്കും എന്നും ഇസ്രായേൽ ദേശത്ത് ഒരു ഉണർവിന്റെ അഗ്നി പകരപ്പെടും എന്നും വാഗ്ദത്തം നൽകുകയും ചെയ്തു.

നിങ്ങളുടെ ദേശത്തിൽ (ഇന്ത്യ) ഉണർവിനായും, എന്റെ ദേശത്തിന്റെ (ഇസ്രായേൽ) ഉണർവിനായും നീ പ്രവർത്തിക്കണമെന്ന കർത്താവിന്റെ കൽപ്പന പ്രകാരമാണ് ഇസ്രായേൽ ഉണർവ് പ്രാർത്ഥനാ യാത്ര എന്ന ദർശനം രൂപപ്പെട്ടത്. 2016ൽ നടത്തപ്പെട്ട ആദ്യ ഇസ്രായേൽ ഉണർവ് പ്രാർത്ഥനാ യാത്രയിൽ 400ലധികം ദൈവമക്കൾ പങ്കെടുത്തിരുന്നു. ഈ യാത്രയ്ക്കിടെ യെരുശലേമിൽ 12 മണിക്കൂർ പ്രാർത്ഥന നടത്തപ്പെട്ടു. കൂടാതെ ഗലീല കടൽ, കർമ്മേൽ പർവതം ഗെത്ശെമന തോട്ടം, യേശു ഉയിർത്തെഴുന്നേറ്റ കല്ലറ, സിദെക്കിയാ ഗുഹ തുടങ്ങിയ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ 2 മണിക്കൂർ പ്രർത്ഥന നടത്തപ്പെട്ടു. പ്രത്യേകമായി യെരുശലേമിൽ നടത്തപ്പെട്ട 12 മണിക്കൂർ പ്രാർത്ഥനയിൽ ഇസ്രായേലിനെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതിയും ദർശനങ്ങളും നമ്മുടെ സഹോദരൻ മോഹൻ സി. ലാസറസും സഹോദരൻ വിൻസെന്റ് സെൽവകുമാറും ദൈവവചനത്തിലൂടെ വ്യാഖ്യാനിക്കുകയും പ്രാർത്ഥന നടത്തുകയും ചെയ്തു. പങ്കെടുത്ത ജനങ്ങൾക്ക് ഇസ്രായേലിനെ കുറിച്ച് ഭാരം ഉണ്ടാവുകയും, ഇസ്രായേല്യർക്കായി പ്രാർത്ഥിക്കുന്നവരായി മാറുകയും ചെയ്തു.

ഇസ്രായേൽ ദേശത്തിന്റെ സ്ഥിതിവിവരക്കണക്കുകൾ

| | |
|---|---|
| ഇസ്രായേലിന്റെ ജനസംഖ്യ | 96 ലക്ഷം |
| തലസ്ഥാനം: | യെരുശലേം |
| ജന വിഭാഗങ്ങൾ: | യഹൂദന്മാർ, അറബികൾ, ഡ്രൂസ്, അർമേനിയക്കാർ |
| യഹൂദന്മാർ: | ഏകദേശം 71 ലക്ഷം |
| യഹൂദരല്ലാത്തവർ (അറബികൾ, ക്രൈസ്തവർ, ഡ്രൂസ്, മറ്റ് മതക്കാർ): | ഏകദേശം 25 ലക്ഷം |
| സംസാര ഭാഷ: | ഹീബ്രു, അറബി, ഇംഗ്ലീഷ്, റഷ്യൻ, ഫ്രഞ്ച് |
| നാണയം: | ഷെക്കൽ |
| ജില്ലകൾ: | 6 + 1 |

അതുപോലെ 2017,2018,2019,2023 എന്നീ വർഷങ്ങളിൽ ഉണർവ് പ്രാർത്ഥനാ യാത്രകൾ നടത്തപ്പെട്ടു. ഇതിൽ പങ്കെടുത്ത ജനങ്ങൾ ഇസ്രായേലിനായി പ്രാർത്ഥിക്കുവാനും പ്രവർത്തിക്കുവാനും തങ്ങളെ സമർപ്പിച്ചു. 2017,2018,2019,2022,2024 എന്നീ വർഷങ്ങളിൽ മെയ്, നവംബർ മാസങ്ങളിൽ ഇസ്രായേൽ ദേശ ഉണർവ് ഉപവാസ പ്രാർത്ഥനകൾ നടത്തപ്പെട്ടു. ഇതിൽ 7 ദിവസം ഉപവാസത്തോടെ ഇസ്രായേലിനായി പ്രാർത്ഥിച്ചു. തൽഫലമായി ഇസ്രായേലിൽ ധാരാളം മാറ്റങ്ങൾ കർത്താവ് കൽപ്പിച്ചു. ഇസ്രായേലിൽ ധാരാളം യഹൂദന്മാർ യേശുവിനെ അറിഞ്ഞു. ഇസ്രായേല്യരുടെ മദ്ധ്യത്തിൽ ശുശ്രൂഷ ചെയ്യുന്ന ശുശ്രൂഷകരുടെ എണ്ണം വർദ്ധിച്ചു. ഇസ്രായേലിൽ സഭകൾ വളർന്ന് പെരുകി. ഇസ്രായേലിന്റെ രക്ഷ, ഉണർവ്, സംരക്ഷണം, അനുഗ്രഹം എന്നിവയ്ക്കായി 10 രാജ്യങ്ങളിലുള്ള ദൈവമക്കൾ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു.

വീണ്ടും തളിർത്ത അത്തിമരത്തിൽ വീണ്ടും ഉണർവിന്റെ അഗ്നി പകരപ്പെടണം. ഭൂമിയിൽ തീ ഇടുവാൻ ഞാൻ വന്നിരിക്കുന്നു അത് ഇപ്പോഴേ കത്തിയെങ്കിൽ കൊള്ളായിരുന്നു (ലൂക്കോസ് 12:49) എന്ന കർത്താവിന്റെ വചനം നിറവേറണം.

അപ്പൊസ്തലന്മാരുടെ കാലഘട്ടത്തിൽ പെന്തെക്കൊസ്തനാളിലാണ് ഉണർവിന്റെ അഗ്നി പകരപ്പെട്ടത്. ആ അഗ്നി വീണ്ടും ഇസ്രായേലിൽ പകരപ്പെടണമെന്ന് പ്രാർത്ഥിക്കുവാൻ കർത്താവ് നിങ്ങളെ വിളിക്കുന്നു. നിങ്ങൾക്ക് ആഗ്രഹമുണ്ടെങ്കിൽ ഞങ്ങളോടൊപ്പം പ്രാർത്ഥിക്കാം. എല്ലാ മാസവും ഇസ്രായേലിനുവേണ്ടിയുള്ള പ്രാർത്ഥന വിഷയങ്ങൾ ഞങ്ങൾ നിങ്ങൾക്ക് അയച്ചുതരുന്നതാണ്. നിങ്ങൾക്ക് വ്യക്തിപരമായോ, സംഘമായോ, കുടുംബമായോ അല്ലെങ്കിൽ സഭയായോ ഇസ്രായേലിനുവേണ്ടി പ്രാർത്ഥിക്കാം. കർത്താവ് ഇസ്രായേലിൽ തന്റെ പദ്ധതി നിറവേറ്റുമാറാകട്ടെ.

**മാറാനാഥാ യേശു വരുന്നു!!**

# അത്ഭുത വാർത്തകൾ

Hi friends, എല്ലാവർക്കും സുഖമാണോ? ഈ മാസം അത്ഭുത വാർത്തകളിലൂടെ വീണ്ടും നിങ്ങളെ കാണാൻ കഴിഞ്ഞതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ഈ മാസം ഒരു പ്രത്യേക മാസമാണ്. എന്താണെന്ന് പറയുവിൻ.

ഉം... നിങ്ങൾ പറഞ്ഞത് വളരെ ശരിയാണ്! തമാശകൾ ആസ്വദിക്കുന്ന, ആശയക്കുഴപ്പങ്ങൾ പരിഹരിക്കുന്ന, തെറ്റുകൾ ഒഴിവാക്കുന്ന, ആത്മവിശ്വാസം നൽകുന്ന, പരാജയവുമായി പൊരുത്തപ്പെടുന്ന, വിജയത്തിലേക്ക് വഴിയൊരുക്കുന്ന, അസൂയയില്ലാതെ അഭിമാനത്തോടെ വിദ്യാർത്ഥികളെ അഭിനന്ദിക്കുന്ന അധ്യാപകരെ ആഘോഷിക്കുവാനുള്ള മാസം. അതുകൊണ്ട്, ഈ പംക്തി വായിക്കുന്ന എല്ലാ അദ്ധ്യാപകർക്കും അദ്ധ്യാപകദിനാശംസകൾ.



**ശരി... വരുവിൻ... പംക്തിയിലേക്ക് പോകാമോ?**

വേദപുസ്തകത്തിൽ ശതാധിപന് പ്രിയപ്പെട്ട ഒരു ബാല്യക്കാരൻ രോഗബാധിതനായി മരണത്തോടടുത്തിരുന്നു. തന്റെ ബാല്യക്കാരനെ യേശു സൗഖ്യമാക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. യേശു മടികൂടാതെ അദ്ദേഹത്തോടുകൂടെ പോയി. എന്നാൽ വീടിനടുത്തെത്തിയപ്പോൾ, കർത്താവേ നീ എന്റെ പുരയ്ക്കകത്തു വരുവാൻ ഞാൻ യോഗ്യനല്ല എന്നു ശതാധിപൻ പറഞ്ഞു.

മറ്റുള്ളവരോട് ആജ്ഞാപിക്കാൻ ശീലിച്ച ഒരു യജമാനന്റെ എത്ര എളിമയുള്ള വാക്കുകളായിരുന്നു ഇവ! ഒരു വാക്ക് മാത്രം കല്പിച്ചാൽ എന്റെ ബാല്യക്കാരനു സൗഖ്യം വരും. ഞാനും അധികാരത്തിൻകീഴുള്ള മനുഷ്യൻ ആകുന്നു, എന്റെ കീഴിൽ പടയാളികൾ ഉണ്ട്; ഞാൻ ഒരുവനോട് പോക എന്നു പറഞ്ഞാൽ പോകുന്നു; മറ്റൊരുത്തനോട് വരിക എന്നു പറഞ്ഞാൽ വരുന്നു; എന്റെ ദാസനോട് ഇത് ചെയ്ക എന്നു പറഞ്ഞാൽ അവൻ ചെയ്യുന്നു എന്നു പറഞ്ഞു.

അതു കേട്ടിട്ട് യേശു അതിശയിച്ചു. യിസ്രായേലിൽക്കൂടെ ഇത്ര വലിയ വിശ്വാസം കണ്ടിട്ടില്ല എന്നു സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു. ശതാധിപൻ ചോദിച്ചതുപോലെ തന്റെ വാക്കുകളിലൂടെ ശതാധിപന്റെ ബാല്യക്കാരനെ സൗഖ്യമാക്കി.



**എന്താ ഒരേ വാക്കിൽ അത്ഭുതമോ? അതും യേശു വീട്ടിൽ പ്രവേശിക്കാതെ അകലെ നിന്ന് പറഞ്ഞ ഒരേ വാക്കിനാൽ അത്ഭുതമോ? എത്ര അത്ഭുതമാണ് friends.**

ഈ കാലഘട്ടത്തിൽ അത്തരമൊരു അത്ഭുതം സംഭവിക്കുമോ എന്ന് ചിന്തിച്ചുകൊണ്ടിരുന്നപ്പോൾ, തിരുപ്പൂർ നഗരത്തിൽ നിന്ന് അത്ഭുതകരമായ വാർത്ത ലഭിച്ചു. കാൽവരി കരങ്ങൾ എന്ന പ്രാർത്ഥന സംഘം ആ നഗരത്തിൽ

പ്രവർത്തിക്കുന്നു. അവർ ഒത്തുകൂടി രാജ്യത്തിനുവേണ്ടി പ്രാർത്ഥിക്കുക മാത്രമല്ല, സുവിശേഷം പ്രസംഗിക്കുകയും, ദരിദ്രരെ സഹായിക്കുകയും ചെയ്യുന്നു. അവരോടൊപ്പം പ്രാർത്ഥിച്ചുകൊണ്ടിരുന്ന ഒരു സഹോദരി, തന്റെ വീടിനടുത്ത് കാലുകളിലെ ഞരമ്പുകളിൽ രോഗം ബാധിച്ച് രക്തചംക്രമണം തടസ്സപ്പെട്ട് വീർത്ത കാലുകളുമായി കിടക്കയിൽ ഭാരത്തോടെയിരുന്ന രത്ന എന്ന മുത്തശ്ശിയെ കണ്ടപ്പോൾ, എങ്ങനെയെങ്കിലും ഇവരെ സൗഖ്യമാക്കണം എന്ന ഭാരമുണ്ടായി. ഈ മുത്തശ്ശി മൂന്ന് മാസം മാത്രമേ ജീവിക്കൂ എന്ന് ഡോക്ടർമാർ പറഞ്ഞു. ഈ വാർത്ത കേട്ട ആ സഹോദരി സൗഖ്യം നൽകുന്ന യേശുവിനെക്കുറിച്ച് പറയാൻ മുത്തശ്ശിയുടെ വീട്ടിലേക്ക് പോയി. ആ മുത്തശ്ശി ആ സഹോദരിയോട് വീടിനുള്ളിലേക്ക് വരരുത് എന്നു പറഞ്ഞുവിട്ടു. എന്നിട്ടും ആ സഹോദരി തിരിച്ചു പോകാതെ ഞാൻ നിങ്ങളുടെ വീട്ടിൽ വരുന്നില്ല എന്നു പറഞ്ഞ് അവരുടെ വീടിന് പുറത്ത് നിന്ന് യേശു ചെയ്ത അത്ഭുതങ്ങളെക്കുറിച്ച് പറഞ്ഞ് അവർക്കുവേണ്ടി പ്രാർത്ഥിച്ചു. അതുപോലെ കുറച്ച് ദിവസം അവർ തുടർച്ചയായി അവരുടെ വീടിന്റെ പുറത്ത് നിന്ന് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. എന്തൊരു അത്ഭുതം! പതുക്കെ പതുക്കെ ആ മുത്തശ്ശിയുടെ കാലിൽ വ്യത്യാസം ഉണ്ടായി. ഇത് കണ്ട മുത്തശ്ശി അവരെ വീട്ടിലേക്ക് ക്ഷണിച്ച് പ്രാർത്ഥിക്കാൻ തുടങ്ങി. ഈ സഹോദരി തന്റെ ഗ്രൂപ്പിൽ എല്ലാ ദിവസവും രാവിലെ 5 മണിക്ക് നടക്കുന്ന കുടുംബങ്ങൾക്കായുള്ള കോൺഫറൻസ് കോൾ പ്രാർത്ഥനയിൽ അല്പസമയം ദൈവവചനം സംസാരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു. ആ വചനങ്ങൾ കേൾക്കുന്നതിലൂടെ മുത്തശ്ശിയുടെ ഹൃദയത്തിൽ വിശ്വാസമുണ്ടായി. ആ വചനങ്ങൾ വച്ച് പ്രാർത്ഥിക്കാൻ തുടങ്ങിയപ്പോൾ മുത്തശ്ശിയുടെ കാലിന്റെ വീക്കം കുറയാൻ തുടങ്ങി. മുറിവുകൾ ഭേദമായി. മുത്തശ്ശി കിടക്കയിൽ നിന്ന് എഴുന്നേറ്റു. ഇത് കണ്ടപ്പോൾ അവരുടെ വീട്ടുകാർ അത്ഭുതപ്പെട്ടു. അവരെ ഡോക്ടറിന്റെ അടുത്തേക്ക് കൊണ്ടുപോയി. ഡോക്ടർക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. ഇതെങ്ങനെ സംഭവിച്ചു എന്ന് അത്ഭുതപ്പെട്ടു. എന്തെന്നാൽ മുത്തശ്ശിക്ക് നടത്തിയ എല്ലാ പരിശോധനകളുടേയും ഫലങ്ങൾ സാധാരണ നിലയിലായിരുന്നു. സിരകളിലെ രക്തയോട്ടം സാധാരണമായിരുന്നു. യേശുവിനെക്കുറിച്ച് അറിയാത്ത ആ മുത്തശ്ശിയും കുടുംബവും ഇപ്പോൾ യേശുവിൽ വിശ്വസിക്കുക മാത്രമല്ല, അവരുടെ പലചരക്ക് കടയിലേക്ക് വരുന്നവരോട് യേശുവിന്റെ സുവിശേഷം പങ്കുവയ്ക്കുകയും ചെയ്യുന്നു.



സ്നേഹിതരെ, ഇത് വെറുമൊരു അത്ഭുതമല്ല, ആ പ്രാർത്ഥന സംഘം നടത്തുന്ന കോൺഫറൻസ് കോൾ പ്രാർത്ഥനയിലൂടെ ഇത്തരം നിരവധി അത്ഭുതങ്ങൾ നടക്കുന്നതായി വാർത്തകൾ ഞങ്ങൾക്ക് ലഭിച്ചു. അകലെ നിന്ന് യേശു പറഞ്ഞ വാക്കുകൾ ശതാധിപന്റെ ബാല്യക്കാരനെ സൗഖ്യമാക്കിയതുപോലെ, ഈ മുത്തശ്ശിയും അകലെ നിന്ന് കേട്ട ദൈവവചനത്തിലൂടെ സൗഖ്യം പ്രാപിച്ചു. ഇന്ന് നാമും ധാരാളം കോൺഫറൻസ് കാൾ പ്രാർത്ഥനകളിൽ ചേർന്ന് പ്രാർത്ഥിക്കുന്നു. ആ പ്രാർത്ഥനയിൽ നാം ആത്മാർത്ഥത ഉള്ളവരാണോ? അതോ പ്രാർത്ഥനയിൽ കൂടിയിരുന്ന് ഒരു വശത്ത് മൊബൈലിൽ പ്രാർത്ഥന നടക്കുമ്പോൾ മറുവശത്ത് നമ്മുടെ ജോലി നോക്കുന്നുവോ? അല്ലെങ്കിൽ മൊബൈലിൽ പ്രാർത്ഥന നടക്കുമ്പോൾ മറ്റൊരു ആപ്പിൽ പോയി അത് നോക്കികൊണ്ടിരിക്കുമോ? കോൺഫറൻസ് കോൾ പ്രാർത്ഥന എത്ര ശക്തമാണെന്ന് നോക്കുവിൻ! മരണക്കിടക്കയിലായിരുന്ന മുത്തശ്ശിയെ എഴുന്നേൽപ്പിക്കുവാൻ കഴിഞ്ഞെങ്കിൽ, നാം ഒരുമിച്ച് പ്രാർത്ഥിക്കുന്ന പ്രാർത്ഥനയ്ക്ക് നമ്മുടെ ഏത് സാഹചര്യത്തെയും മാറ്റാനുള്ള ശക്തിയുണ്ട്. അതിനായി നാം വില നൽകുകയും സ്വയം സമർപ്പണത്തോടും തീക്ഷ്ണതയോടും ഇത്തരത്തിലുള്ള അത്ഭുതങ്ങൾ നടക്കുവാൻ കർത്താവിനോട് പ്രാർത്ഥിക്കുകയും വേണം.

മറ്റൊരു അത്ഭുത വാർത്തയുമായി അടുത്ത മാസം കാണാം.

(വാർത്തകൾ തുടരും)

# പ്രാർത്ഥന ഡയറി

## സെപ്റ്റംബർ 2025

### കർഷക ആത്മഹത്യ

2025ലെ ആദ്യ 3 മാസങ്ങളിൽ, മഹാരാഷ്ട്രയിൽ 767 കർഷകർ ആത്മഹത്യ ചെയ്തു. മഹാരാഷ്ട്രയിൽ എല്ലാ ദിവസവും 8 കർഷകർ ആത്മഹത്യ ചെയ്യുന്നു. ഇന്ത്യയിൽ പ്രതിവർഷം 1374 ലക്ഷം ടൺ അരി ഉത്പാദിപ്പിക്കപ്പെടുന്നു. 25% അരിയും പശ്ചിമ ബംഗാളിലാണ് ഉത്പാദിപ്പിക്കുന്നത്. മഴ, കാലാവസ്ഥാ വ്യതിയാനം, ഭൂമിയുടെ ഉൽപ്പാദനക്ഷമത, കീടങ്ങൾ എന്നിവ ഉൽപാദനത്തെ ബാധിക്കുന്നു. കുറഞ്ഞ വിളവ്, കടം, മതിയായ ജലസേചന സൗകര്യങ്ങളുടെ അഭാവം എന്നിവ നിമിത്തമാണ് ഈ പ്രതിസന്ധി ഉടലെടുത്തത്. 2024ൽ മഹാരാഷ്ട്രയിൽ 2635 കർഷകർ ആത്മഹത്യ ചെയ്തു.

### പ്രാർത്ഥന വിഷയങ്ങൾ

1. കർഷകരുടെ സംരക്ഷണത്തിനും, ആത്മഹത്യ ചിന്തകൾ മാറുവാനും പ്രാർത്ഥിക്കുവിൻ.
2. ഇന്ത്യയിൽ ഉൽപ്പാദിപ്പിക്കുന്ന അരി ശരിയായ വിലയ്ക്ക് വാങ്ങി കർഷകർക്ക് നഷ്ടം വരാത്ത വിലയ്ക്ക് വിൽക്കുവാനായി പ്രാർത്ഥിക്കുവിൻ.
3. മഴയിലൂടെയും, പ്രാണികളിലൂടെയും കൃഷി നശിച്ചുപോകാതെ സംരക്ഷിക്കപ്പെടാനും, ഉത്പാദനം വർദ്ധിക്കുവാനും പ്രാർത്ഥിക്കുവിൻ.
4. കർഷകർക്ക് ജലസേചന സൗകര്യങ്ങളും, വളങ്ങളും സർക്കാർ ന്യായമായ വിലയ്ക്ക് നൽകുവാനായി പ്രാർത്ഥിക്കുവിൻ.
5. കൃഷിക്ക് തടസ്സമില്ലാതെ വൈദ്യുതി ലഭിക്കുവാനായി പ്രാർത്ഥിക്കുവിൻ.



### വൈദ്യുതി ബോർഡ്

ഇന്ത്യയിൽ വൈദ്യുതി ബോർഡിൽ 27 ലക്ഷം ജീവനക്കാർ ജോലി ചെയ്യുന്നു. 33.3 കോടി ഉപഭോക്താക്കളുമുണ്ട്. മണിക്കൂറിൽ 1800 വാട്ട്സ് വൈദ്യുതി ഉപയോഗിക്കുന്നു. ഓരോ വർഷവും വൈദ്യുതിയുടെ ആവശ്യകത 6% വർദ്ധിച്ചുവരികയാണ്. ജോലി സ്ഥാപനങ്ങളിലും, ഗാർഹിക ആവശ്യങ്ങൾക്കും, കൃഷിക്കും വൈദ്യുതി കൂടുതലായി ഉപയോഗിക്കുന്നു. ഇന്ത്യയിൽ പ്രധാനമായും താപവൈദ്യുത നിലയങ്ങളിലൂടെയാണ് വൈദ്യുതി ഉൽപാദനം നടത്തുന്നത്. താപവൈദ്യുത നിലയങ്ങൾ, ആണവ നിലയങ്ങൾ, ഊർജ്ജ സ്രോതസ്സുകൾ എന്നിവയിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കപ്പെടുന്നു. 2029 -30 ആകുമ്പോഴേക്കും വൈദ്യുതി ഉൽപാദനത്തിന്റെ പങ്ക് 64% ആയി ഉയരുമെന്ന് പ്രതീക്ഷിക്കുന്നു.

### പ്രാർത്ഥന വിഷയങ്ങൾ

1. വൈദ്യുതി ബോർഡിൽ ജോലി ചെയ്യുന്ന 27 ലക്ഷം ജീവനക്കാരും രക്ഷ പ്രാപിക്കുവാനായി പ്രാർത്ഥിക്കുവിൻ.
2. വൈദ്യുതി പാഴാക്കാതെ ഉപയോഗിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ആളുകൾ ബോധവാന്മാരാകാനായി പ്രാർത്ഥിക്കുവിൻ.
3. ഇന്ത്യയിലെ എല്ലാ വീടുകളിലും വൈദ്യുതി ലഭിക്കുവാനായി പ്രാർത്ഥിക്കുവിൻ.
4. വൈദ്യുതി ഉത്പാദനം വർദ്ധിക്കുവാനും, വൈദ്യുതി നിലയങ്ങളിലെ ഒഴിവുള്ള തസ്തികകൾ നികത്തുന്നതിനുവേണ്ടിയും പ്രാർത്ഥിക്കുവിൻ.
5. വൈദ്യുതി തടസ്സമില്ലാതെ ലഭിക്കുവാനും, വൈദ്യുതി നിലയങ്ങളുടെ പരിപാലനത്തിനും വേണ്ടി പ്രാർത്ഥിക്കുവിൻ.



## ലൈംഗികാതിക്രമ കേസുകൾ

ഇന്ത്യയിൽ പ്രതിദിനം ശരാശരി 86 ലൈംഗികാതിക്രമ കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നു. ഇതിൽ 82 കേസുകളിലും കുറ്റവാളികൾ ബാധിക്കപ്പെടുന്ന പെൺകുട്ടികൾക്ക് പരിചയമുള്ള വ്യക്തികളായിരിക്കുന്നു. ഇന്ത്യയിൽ ഓരോ മണിക്കൂറിലും 4 ലൈംഗികാതിക്രമ കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നു. കൂടാതെ, ഇന്ത്യയിൽ 18 നും 30 നും ഇടയിൽ പ്രായമുള്ള പെൺകുട്ടികളാണ് ഏറ്റവും കൂടുതൽ ലൈംഗികാതിക്രമത്തിന് ഇരയാകുന്നത്. 2017 മുതൽ 2022 വരെ, 1.89 ലക്ഷം കേസുകളിൽ 1.13 ലക്ഷം പെൺകുട്ടികൾ 18 നും 30 നും ഇടയിൽ പ്രായമുള്ളവരാണെന്നത് ശ്രദ്ധേയമാണ്. 4ൽ ഒരു സ്ത്രീ 16 വയസ്സ് മുതൽ ലൈംഗികാതിക്രമത്തിന് ഇരയാക്കപ്പെടുന്നു. 6 കുട്ടികളിൽ ഒരാൾ ലൈംഗികാതിക്രമത്തിന് ഇരയാകുന്നു. 18 ആൺകുട്ടികളിൽ ഒരാൾ 16 വയസ്സുമുതൽ ലൈംഗികാതിക്രമത്തിന് ഇരയാകുന്നു. 2024ൽ 71.227 ലൈംഗികാതിക്രമ കേസുകൾ പോലീസ് രജിസ്റ്റർ ചെയ്തിരിക്കുന്നു.

### പ്രാർത്ഥന വിഷയങ്ങൾ

1. ലൈംഗികാതിക്രമ കേസുകൾ വേഗം പരിഹരിക്കപ്പെടാൻ നീതിന്യായ വകുപ്പ് നടപടിയെടുക്കുവാനായി പ്രാർത്ഥിക്കുവിൻ.
2. ഒരു മണിക്കൂറിനുള്ളിൽ 4 കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഇന്ത്യയുടെ ഈ ഭയാനകരമായ സാഹചര്യം മാറുവാനായി പ്രാർത്ഥിക്കുവിൻ.
3. ലൈംഗികാതിക്രമത്തിന് വിധേയരായവർ ഇതിൽ നിന്ന് പുറത്തുവരാനും, ഇതിന് ഉത്തരവാദികളായവർക്ക് കോടതികൾ ഉചിതമായ ശിക്ഷ നൽകുവാനും പ്രാർത്ഥിക്കുവിൻ.
4. അതിക്രമങ്ങൾക്ക് ഇരയായ സ്ത്രീകൾക്ക് പുനരധിവാസ കേന്ദ്രങ്ങൾ സഹായം നൽകുവാനായി പ്രാർത്ഥിക്കുവിൻ.
5. ചെറുപ്പത്തിൽ തന്നെ ലൈംഗികമായി പീഡിപ്പിക്കപ്പെട്ട പെൺകുട്ടികളുടെ മദ്ധ്യത്തിൽ ഒരു അവബോധം ഉണ്ടാകുവാനായി പ്രാർത്ഥിക്കുവിൻ.



## റെയിൽവേ വിഭാഗം

ഇന്ത്യയിൽ 13,169 പാസഞ്ചർ ട്രെയിനുകളും, 8739 ചരക്ക് ട്രെയിനുകളും സർവീസ് നടത്തുന്നുണ്ട്. ഏകദേശം 12 ലക്ഷം ജീവനക്കാർ ജോലി ചെയ്യുന്നു. കഴിഞ്ഞ 5 വർഷത്തിനിടെ 219 ട്രെയിൻ അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. 2018 - 19 ൽ 59 ട്രെയിനുകളും, 2019-20 ൽ 55 ട്രെയിനുകളും, 2020 - 21ൽ 22 ട്രെയിനുകളും 2022-23ൽ 48 ട്രെയിനുകളും ഉൾപ്പെടെ ആകെ 219 ട്രെയിനുകൾ അപകടത്തിൽപ്പെട്ടു. 2023 - 24ൽ മാത്രം 313 യാത്രക്കാർ മരിക്കുകയും 1000ൽ അധികം പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. കഴിഞ്ഞ 10 വർഷത്തിനിടെ 638 അപകടങ്ങളിൽ 748 പേർ മരിക്കുകയും 1500 ൽ അധികം പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. രാജ്യത്തുടനീളമുള്ള എല്ലാ സംസ്ഥാനങ്ങളെയും ബന്ധിപ്പിക്കുന്ന 1.06 ലക്ഷം കിലോമീറ്റർ റെയിൽവേ ശൃംഖലയുണ്ട്.

### പ്രാർത്ഥന വിഷയങ്ങൾ

1. റെയിൽവേ മേഖലയിൽ ജോലി ചെയ്യുന്ന 12 ലക്ഷം ജീവനക്കാരുടെ സംരക്ഷണത്തിനായി പ്രാർത്ഥിക്കുവിൻ.
2. ട്രെയിൻ അപകടങ്ങൾ ഉണ്ടാകാതിരിക്കുവാനും, ട്രാക്കുകൾ നന്നാക്കുവാനും സർക്കാർ നടപടികൾ സ്വീകരിക്കുവാനായി പ്രാർത്ഥിക്കുവിൻ.
3. തുടർച്ചയായി ദീർഘദൂരം വാഹനമോടിക്കുന്നവരുടെ ജോലി സമയം കുറയ്ക്കാനും, ഒഴിവുള്ള തസ്തികകളിൽ ആവശ്യമായ ആളുകളെ നിയമിക്കുവാനും പ്രാർത്ഥിക്കുവിൻ.
4. സിഗ്നലുകളിലെ പ്രശ്നങ്ങൾ നീക്കം ചെയ്യപ്പെടാനും, ഉചിതമായ സുരക്ഷാ സംവിധാനങ്ങൾ സ്ഥാപിക്കപ്പെടുവാനും പ്രാർത്ഥിക്കുവിൻ.
5. ഇനി മരണങ്ങൾ ഉണ്ടാകാതിരിക്കുവാൻ റെയിൽവേ വകുപ്പിലെ എല്ലാവർക്കും ശരിയായി പ്രവർത്തിക്കുന്നതിനുള്ള ജ്ഞാനം ഉണ്ടാകുവാനായി പ്രാർത്ഥിക്കാം.





# സമാഗമന കൂടാരം

സമാഗമന കൂടാരത്തിൽ ശുശ്രൂഷ ചെയ്യുന്നതിനായി കർത്താവ് പുരോഹിതന്മാരെ തിരഞ്ഞെടുത്തു. ഈ മാസം നമ്മൾ പുരോഹിതന്മാരുടെ ശുശ്രൂഷകളെക്കുറിച്ച് കാണുവാൻ പോകുന്നു.

കർത്താവ് യിസ്രായേൽ ജനങ്ങളോട്: നിങ്ങൾ എനിക്ക് പ്രത്യേക സമ്പത്തായിരിക്കും. നിങ്ങൾ എനിക്ക് ഒരു പുരോഹിത രാജത്വവും വിശുദ്ധജനവും ആകും (പുറ. 19:5,6). യിസ്രായേൽ മക്കളുടെ ഇടയിൽനിന്ന് യഹോവ ലേവ്യരെ വേർതിരിച്ചു. വേർപിരിഞ്ഞ ലേവ്യരിൽ നിന്നും അഹരോനെയും അവന്റെ പുത്രന്മാരെയും പുരോഹിതന്മാരായി തിരഞ്ഞെടുത്തു. അവരെ പുരോഹിതന്മാരായി അഭിഷേകം ചെയ്തശേഷം വിശുദ്ധസ്ഥലത്ത് ശുശ്രൂഷ ചെയ്യാൻ നിയമിച്ചു.

## പ്രാകാരത്തിൽ യാഗം നടത്തുന്നത്

പുരോഹിതൻ യഹോവയുടെ സന്നിധിയിൽ ഹോമയാഗം അർപ്പിച്ച് ജനത്തിന്റെ പാപങ്ങൾക്ക് പ്രായശ്ചിത്തം ചെയ്യണം. പുരോഹിതൻ എല്ലാ ദിവസവും രാവിലെ യാഗപീഠത്തിന്മേൽ ഹോമയാഗം ദഹിപ്പിക്കണം. പിന്നെ അവൻ ഒരു പഞ്ഞിനൂൽ കൊണ്ടുള്ള വസ്ത്രം ധരിച്ച് യാഗപീഠത്തിൽ കത്തിയ ചാരത്തെ യാഗപീഠത്തിനടുത്ത് കൂട്ടിവയ്ക്കണം. അതിനുശേഷം മറ്റൊരു വസ്ത്രം ധരിച്ച് പാളയത്തിന് പുറത്ത് വൃത്തിയുള്ള സ്ഥലത്ത് ചാരം കൂട്ടിവയ്ക്കണം. യാഗപീഠത്തിൽ തീ കത്തിക്കൊണ്ടിരിക്കണം.

യാഗമൃഗത്തിന്റെ രക്തം യാഗപീഠത്തിന്റെ കൊമ്പുകളിൽ പുരട്ടുകയും ശേഷിച്ച രക്തം യാഗപീഠത്തിന്റെ ചുവട്ടിൽ ഒഴിക്കുകയും വേണം. വിശുദ്ധ സ്ഥലത്ത് നിലവിളക്ക് വൈകുന്നേരം മുതൽ രാവിലെ വരെ കർത്താവിന്റെ സന്നിധിയിൽ കത്തിച്ചുവയ്ക്കണം.

എല്ലാ ശബ്ബത്തിലും വിശുദ്ധ മേശമേൽ അപ്പം അടുക്കി വച്ച് ധൂപവർഗ്ഗം കത്തിക്കണം. മഹാപുരോഹിതൻ മാത്രം വർഷത്തിലൊരിക്കൽ അതിവിശുദ്ധ സ്ഥലത്ത് പ്രവേശിച്ച്, രക്തത്തിൽ കുറച്ച് എടുത്ത്, കൃപാസനത്തിൽ തളിക്കുകയും തുടർന്ന് കൃപാസനത്തിന് മുന്നിൽ ഏഴ് പ്രാവശ്യം തളിച്ച് ഇസ്രായേല്യരുടെ എല്ലാ പാപങ്ങൾക്കും പ്രായശ്ചിത്തം ചെയ്യണം.

## പുരോഹിതൻ ചെയ്യേണ്ടത്...

- ജനത്തോട് യിസ്രായേല്യർ കേൾക്കെ ന്യായപ്രമാണം വായിക്കണം.
- കുഷ്ഠരോഗത്തെക്കുറിച്ച് അവരെ പഠിപ്പിക്കണം.

ശുദ്ധീകരണം നടത്തുന്ന പുരോഹിതൻ കുഷ്ഠരോഗിയെ പരിശോധിച്ച് ആ വ്യക്തിയെ ശുദ്ധിയുള്ളവനെന്ന് പ്രഖ്യാപിക്കണം.



- ജനങ്ങളെ ന്യായംവിധിക്കുകയും നീതിയെ പ്രഖ്യാപിക്കുകയും ചെയ്യണം.
- പുരോഹിതന്മാർ കാഹളം ഊതണം.
- യുദ്ധം തുടങ്ങുമ്പോൾ പുരോഹിതൻ ജനങ്ങളോട് ധൈര്യത്തോടെ സംസാരിക്കണം.

അഹരോനും പുത്രന്മാരും കർത്താവിന്

പുരോഹിതന്മാരായി ശുശ്രൂഷ ചെയ്യാൻ നിയമിക്കപ്പെട്ടു. പുരോഹിതന്മാരുടെ മൂന്ന് പ്രധാന കടമകളെക്കുറിച്ച് ആവർത്തനപുസ്തകം 10:8-ൽ വായിക്കുന്നു.

### കർത്താവിന്റെ നിയമപെട്ടകം ചുമക്കേണ്ടത്...

അതെ, യിസ്രായേൽ പാളയം പുറപ്പെടുമ്പോൾ പ്രതിഷ്ഠ ചെയ്യപ്പെട്ട പുരോഹിതന്മാർ നിയമ പെട്ടകവും ചുമക്കണം. നാമും കർത്താവിന്റെ വചനം, ശക്തി, മഹത്വം എന്നീ നിയമപ്പെട്ടകം ചുമക്കേണ്ടതാണ്.

### കർത്താവിന്റെ സന്നിധിയിൽ നിന്ന് കർത്താവിനെ ആരാധിക്കുന്നത്....

കർത്താവ് ഇസ്രായേലിനെ വിളിച്ചപ്പോൾ തന്നെ എന്നെ ആരാധിക്കാൻ എന്റെ ജനത്തെ വിട്ടയക്ക എന്ന് പറഞ്ഞു. ഈ ജനം എന്റെ സ്തുതിയെ ഘോഷിക്കേണ്ടതിന് ഞാൻ എനിക്കായി സൃഷ്ടിച്ചിരിക്കുന്നു. അതുകൊണ്ട്



ഇളകാത്ത രാജ്യം പ്രാപിച്ചവരായ നാം ഭയത്തോടും ബഹുമാനത്തോടും കൂടി ദൈവത്തിന് സ്വീകാര്യമായ ആരാധന അർപ്പിക്കുവാൻ തക്കവണ്ണം കൃപ പ്രാപിക്കണം...

### കർത്താവിന്റെ നാമത്തിൽ അനുഗ്രഹിക്കുന്നത്...

ഇസ്രായേലിനെ അനുഗ്രഹിക്കുക എന്നത് കർത്താവിന്റെ ആഗ്രഹവും പ്രസാദവുമാണ്. നിങ്ങൾ അനുഗ്രഹം അവകാശമാക്കാൻ വിളിക്കപ്പെട്ടവർ എന്നറിഞ്ഞുകൊണ്ട് അനുഗ്രഹിക്കുവിൻ എന്ന് വേദപുസ്തകം നമ്മോട് പറയുന്നു. പാപികളായ മനുഷ്യവർഗത്തിനുവേണ്ടി യാഗമായർപ്പിക്കപ്പെട്ട യേശുക്രിസ്തുവിലൂടെ എല്ലാ ജനങ്ങളും വിശുദ്ധീകരിക്കപ്പെടുകയും സ്വർഗ്ഗീയ അനുഗ്രഹങ്ങൾ നേടുകയും ചെയ്യുന്നതിനായി അന്ത്യകാലത്തിലെ പുരോഹിതന്മാർ എന്ന നിലയിൽ, കർത്താവിന്റെ വചനങ്ങൾ നാം സുവിശേഷമായി അറിയിക്കണം.


# ആഗോള ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ

യേശു വിടുവിക്കുന്നു

ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!

**Trivandrum**
യേശു വിടുവിക്കുന്നു ആഗോള ഉണർവ് പ്രാർത്ഥനാ കേന്ദ്രം
KVR - 247, മുളവന ജംഗ്ഷൻ,
തേക്കുംമൂട്, കണ്ണമ്മൂല റോഡ്,
തിരുവനന്തപുരം - 695035
Office Time 9:30 A.M. - 5:30 P.M.
Ph: 92497 18266, 0471-233 1392.

**Kochi**
Chandrasseri House,
Madaplathuroth,
Moothakunnam - 683 516,
Kochi,
Kerala State.

**Kottayam**
2nd Floor,
Aswathy Tower,
Thekkumgopuram - 686 001,
Kottayam, Kerala State.
Office Time 10:00 A.M. - 6:00 P.M.
Mob: 94967 44001, 99463 00001.



ദേശത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ വരുവിൻ... കർത്താവ് നിങ്ങളുടെ ഭാരങ്ങൾ മാറ്റും!

തിരുവനന്തപുരം, കൊച്ചി, കോട്ടയം ശാഖാ കാര്യാലയത്തിൽ മാസത്തിന്റെ ആദ്യത്തെ ചൊവ്വാഴ്ച തിറപ്പിൻ വാസൽ ഉപവാസ പ്രാർത്ഥനയും, മറ്റുള്ള ചൊവ്വാഴ്ചകളിൽ ഉപവാസ പ്രാർത്ഥനയും ഉണ്ടായിരിക്കും. ദൈവമക്കൾ കടന്നുവന്നു വിടുതൽ പ്രാപിക്കുവിൻ.



# ഉണർവിന്റെ വിത്തുകൾ

അന്ത്യകാല ഉണർവിന്റെ നാളുകളിൽ ജീവിക്കുന്ന യൗവനക്കാരായ സഹോദരീ സഹോദരന്മാരേ! എല്ലാ മാസവും ഉണർവിന്റെ വിത്തുകൾ എന്ന ഭാഗത്തിലൂടെ കഷ്ടപ്പാടുകളുടെ നടുവിൽ മിഷനറിമാർ ഉണർവിന്റെ വിത്തുകൾ എങ്ങനെ വിതച്ചു എന്ന് നാം കണ്ടുവരുന്നു.  ഈ മാസം ക്രിസ്തുവിന്റെ രാജ്യം പണിയുവാൻ എല്ലാം ഉപേക്ഷിച്ച് അക്ഷീണം പ്രവർത്തിച്ച മിഷനറി ജോൺ തോമസ് ടക്കറിനെയാണ് നാം കാണുവാൻ പോകുന്നത്.

1807 നവംബർ 10ന് അയർലണ്ടിൽ ജനിച്ച അദ്ദേഹം കുട്ടിക്കാലം മുതൽ വളരെ ഭക്തിയും അച്ചടക്കവും ഉള്ളവനായി വളർന്നു.  19 വയസ്സായപ്പോൾ ഒരു നല്ല അഭിഭാഷകനാകാൻ ആഗ്രഹിച്ച അദ്ദേഹം നിയമ കോളേജിൽ പഠിക്കുകയും അഭിഭാഷകനായി ജോലി ചെയ്യുകയും ചെയ്തു.  തന്റെ യൗവന പ്രായത്തിൽ തന്നെ സുവിശേഷ വേലയും ചെയ്തുവന്നു.

1827ൽ, അയർലണ്ടിലെ ചർച്ച് മിഷൻ സൊസൈറ്റി നടത്തിയ ഒരു മിഷനറി യോഗത്തിൽ മുഴുവൻ സമയം യേശുക്രിസ്തുവിന്റെ സുവിശേഷം ചെയ്യുവാൻ കർത്താവ് വിളിക്കുന്നുവെന്ന് അദ്ദേഹം മനസ്സിലാക്കി. അഭിഭാഷകനെന്ന തന്റെ പ്രിയപ്പെട്ട കരിയർ ഉപേക്ഷിച്ച് 1833ൽ ലണ്ടനിലെ ഒരു ബൈബിൾ കോളേജിൽ ചേർന്നു.  പഠനം പൂർത്തിയാക്കിയ അദ്ദേഹം 1836 ജൂൺ 5ന് ഇംഗ്ലണ്ടിൽ ഒരു പട്ടക്കാരനായി  ചുമതലയേറ്റു.

1836ൽ ജോൺ തോമസിനെ സിഎംഎസ് മിഷൻ ചെന്നൈയിലേക്ക് അയച്ചു, ആറ് മാസത്തിനുള്ളിൽ തമിഴ് ഭാഷ പഠിച്ചതിനുശേഷം, 1837 ഫെബ്രുവരി 5-ാം തിയതി തിരുനെൽവേലി ജില്ലയിലെ മെങ്ങനാപുരം എന്ന ഗ്രാമത്തിൽ സുവിശേഷം പ്രസംഗിക്കാൻ എത്തി. 1838 ഒക്ടോബർ 4 ന് അദ്ദേഹം മേരി ഡേവിസിനെ വിവാഹം കഴിച്ചു. പിന്നീട് ദമ്പതികൾ അവിടെയുള്ള നിരവധി ഗ്രാമങ്ങളിൽ നടന്നുപോയി സുവിശേഷം അറിയിച്ചു. അവർക്ക് മൂന്ന് കുഞ്ഞുങ്ങൾ ജനിച്ചു.  ജോൺ തോമസ് സുവിശേഷം പ്രസംഗിച്ച പ്രദേശങ്ങൾ തരിശായിരുന്നതിനാൽ, അവിടത്തെ ജനങ്ങളുടെ സാമ്പത്തികാവസ്ഥ വളരെ ദരിദ്രമായിരുന്നു. അതുകൊണ്ട് അദ്ദേഹം ഭൂമിയിൽ കൃഷി ചെയ്തു. നാടിന്റെ സ്വഭാവത്തിന് അനുയോജ്യമായ മരങ്ങൾ നട്ടുപിടിപ്പിച്ചു.  ഗ്രാമങ്ങൾ വൃത്തിയാക്കി. പലതരം മരങ്ങൾ നട്ടുപിടിപ്പിച്ചു. വരണ്ട ഗ്രാമങ്ങളെ ഒരു പറുദീസയാക്കി മാറ്റി. അദ്ദേഹത്തിന്റെ സേവനം കണ്ട് ആദ്യമായി ഈന്തപ്പന കയറുന്നവർ സുവിശേഷം കേട്ട് യേശുവിനെ സ്വീകരിച്ചതിനാൽ അവർക്കായി ഒരു ചെറിയ ആലയം പണിതു.

1844ൽ അദ്ദേഹം ഒരു സ്കൂൾ ആരംഭിച്ചു. അനാഥർക്കും ഉപേക്ഷിക്കപ്പെട്ട കുഞ്ഞുങ്ങൾക്കും വേണ്ടി ഹോസ്റ്റലുകൾ നിർമ്മിച്ചു. തൽഫലമായി യേശുവിനെ അറിയാത്ത അനേകർ ക്രിസ്തുവിനെ സ്വീകരിച്ച് അവരുടെ കുഞ്ഞുങ്ങളെ സ്കൂളിലേക്ക് അയച്ചു. അവിടെ പഠിച്ച വിദ്യാർത്ഥികൾ വിദ്യാഭ്യാസത്തിലും ധാർമ്മികതയിലും മികവ് പുലർത്തി. മെങ്ങനാപുരത്തിന് ചുറ്റുമുള്ള നിരവധി ഗ്രാമവാസികൾ യേശുവിനെ സ്വീകരിച്ചു.  അദ്ദേഹം അവരെ സ്നാനപ്പെടുത്തി, രാവിലെയും വൈകുന്നേരവും ആരാധന നടത്താൻ ഉപദേശിമാരെ നിയമിച്ചു.


ജോൺ തോമസിന്റെ സുവിശേഷ സാമൂഹിക പരിഷ്കരണ പ്രവർത്തനങ്ങളെ എതിർത്തവർ ഓല മേഞ്ഞ പള്ളികൾക്ക് തീയിട്ടു.  അവർ ക്രൈസ്തവരുടെ വീടുകളും സ്വത്തുക്കളും കൃഷിയിടങ്ങളും നശിപ്പിക്കുകയും അവരെ

സമൂഹത്തിൽ നിന്ന് ഒറ്റപ്പെടുത്തുകയും ചെയ്തു. ക്രൈസ്തവർ ഇത് ക്ഷമയോടെ സഹിച്ചു. കഷ്ടതയുടെ കാലങ്ങളിൽ അവർ ദൈവത്തെ കൂടുതൽ ദൃഢമായി ആശ്രയിച്ച് വിശ്വാസത്തിൽ ശക്തരായിത്തീർന്നു. ആരും ക്രിസ്തുവിനെ ഉപേക്ഷിക്കാത്തതുകൊണ്ട് ഇത് എതിരാളികൾക്കിടയിൽ വലിയ കോപത്തിന് കാരണമായി.

1845 ൽ മെഞ്ഞാനപുരത്തും പരിസര പ്രദേശങ്ങളിലും ശക്തമായ ചുഴലിക്കാറ്റ് ആഞ്ഞടിച്ചു. കോളറയും ഛർദ്ദിയും പല ഗ്രാമങ്ങളിലും പടർന്നുപിടിക്കാൻ തുടങ്ങി. അതേസമയം, കടുത്ത ക്ഷാമവും കുടിവെള്ളക്ഷാമവും ഉണ്ടായി. എവിടെയും മരണ ശബ്ദങ്ങൾ മുഴങ്ങി. ഇതിൽ ജോൺ തോമസിന്റെ മകൾ മേരി ജെയിനും മരിച്ചു. ഈ ആളുകൾ യേശുക്രിസ്തുവിനെ സ്വീകരിച്ചതാണ് ക്ഷാമത്തിനും പട്ടിണിക്കും, പകർച്ചാവ്യാധികൾക്കും കാരണമെന്ന് ആരോപിച്ചു. അതുകൊണ്ട് അവർ അദ്ദേഹത്തിനെതിരെ അക്രമം അഴിച്ചുവിട്ടു, ഇനി ഇവിടെ സുവിശേഷ പ്രവർത്തനം നടത്തരുതെന്ന് ഭീഷണിപ്പെടുത്തി. എന്നിട്ടും അദ്ദേഹം ഒട്ടും ഭയപ്പെട്ടില്ല, മകളുടെ മരണത്തിലും അദ്ദേഹം തളർന്നില്ല. ഗ്രാമങ്ങളിൽ പോയി ദുരിതബാധിതരുടെ പുനരധിവാസത്തിനായി കഠിനാധ്വാനം ചെയ്യുകയും ജനങ്ങളെ സഹായിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ഭാര്യ സ്ത്രീകളുടെ പുനരധിവാസത്തിനായി സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുകയും സമ്പദ് വ്യവസ്ഥ മെച്ചപ്പെടുത്തുകയും ചെയ്തു. സ്ത്രീകൾക്ക് വിദ്യാഭ്യാസം നൽകുന്നതിനായി അദ്ദേഹം ഒരു സ്കൂൾ സ്ഥാപിച്ചു. സുവിശേഷ പ്രവർത്തനം, സാമൂഹ്യ പ്രവർത്തനം, സ്ത്രീകളുടെ പുരോഗതിയ്ക്കായുള്ള പ്രവർത്തനങ്ങൾ എന്നിവയ്ക്ക് സാക്ഷ്യം വഹിച്ച ഗ്രാമവാസികളിൽ പലരും യേശുക്രിസ്തുവിനെ സ്വന്തം രക്ഷകനായി സ്വീകരിച്ചു. അതുകൊണ്ട് കർത്താവിനെ ആരാധിക്കുന്നതിനായി ഒരു പള്ളി പണിയാൻ ശ്രമിച്ചു. 1844 ജൂൺ മാസം 20ന് നിർമ്മാണം ആരംഭിച്ച്, 1847 ഡിസംബർ 9ന് ആലയം പൂർത്തീകരിച്ചു. അതിന് വിശുദ്ധ പൗലൊസ് ദേവാലയം എന്ന് നാമകരണം ചെയ്ത് പ്രതിഷ്ഠിക്കപ്പെട്ടു. 1857 വരെ 5500 ആയിരുന്ന ക്രൈസ്തവരുടെ എണ്ണം 1869ൽ 45000 ആയി ഉയർന്നു.

അതുമാത്രമല്ല, വെള്ളാളൻവിള, അറുമുഖനേരി, നാലുമാവടി, കടാക്ഷപുരം, കായമൊഴി, പ്രകാശപുരം, പന്നവിള, ക്രിസ്ത്യൻ നഗർ തുടങ്ങിയ ഗ്രാമങ്ങളിലും സുബ്രഹ്മണ്യപുരം, രാജമണിപുരം, പൂവാരശൂർ ഗ്രാമങ്ങളിലും അദ്ദേഹം വലിയ സഭകൾ സ്ഥാപിച്ചു. അതിനുപുറമേ 125 ഗ്രാമങ്ങളിൽ സുവിശേഷം അറിയിച്ച് സഭകൾ സ്ഥാപിച്ചു. 54 വിദ്യാഭ്യാസ സ്ഥാപനങ്ങളും അദ്ദേഹം നിർമ്മിച്ചു. പള്ളികളിൽ ഉപദേശിമാരെ നിയമിക്കുകയും സുവിശേഷം അറിയിക്കുന്നതിനായി 54 ശുശ്രൂഷകരെ വാർത്തെടുക്കുകയും ചെയ്തു. ജനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി 12 പുരോഹിതന്മാരെയും നിയമിച്ചു. അദ്ദേഹത്തിന്റെ അശ്രാന്ത പ്രവർത്തനം നിമിത്തം ദേവാലയങ്ങൾ വളർന്നു പന്തലിച്ചു.

33 വർഷം തളരാതെ പ്രവർത്തിക്കുകയും, മെഞ്ഞാനപുരത്തിനും ചുറ്റുമുള്ള ഗ്രാമങ്ങൾക്കും വേണ്ടി ജീവിതം സമർപ്പിക്കുകയും ചെയ്ത ജോൺ തോമസ് ടക്കർ 1865ൽ വളരെ ബലഹീനനായി. വൈദ്യചികിത്സയ്ക്കായി ഇംഗ്ലണ്ടിലേക്ക് പോയ അദ്ദേഹം അൽപ്പം സൗഖ്യം പ്രാപിച്ചശേഷം, മെഞ്ഞാനപുരത്തെ ജനങ്ങളുടെ സ്നേഹവും വാത്സല്യവും സഹിക്കുവാൻ കഴിയാതെ, താൻ മരണപ്പെട്ടാലും തിരുനെൽവേലിയിലെ ജനങ്ങളുടെ



മദ്ധ്യത്തിൽ മാത്രമേ മരിക്കുകയുള്ളൂ എന്ന് വാശിപിടിച്ച് മെങ്ങനാപുരത്ത് മടങ്ങിവന്നു. ജോൺ തോമസിന്റെ ശരീരം ബലഹീനപ്പെട്ടതിനെ തുടർന്ന്, 62-ാം വയസ്സിൽ 1870 മാർച്ച് 28-ാം തിയതി അദ്ദേഹം നിത്യതയിലേക്ക് പ്രവേശിച്ചു.

**അദ്ദേഹം ലോകപരമായ മഹത്വങ്ങളും, ആഡംബര ജീവിതവും വെറുത്ത്, നമ്മുടെ ഇന്ത്യയെ സ്നേഹിച്ചു, കർത്താവിന്റെ സ്നേഹം വെളിപ്പെടുത്തി, കർത്താവിന്റെ വചനം വിതച്ചു, രാജ്യത്തെ പ്രാർത്ഥനയാൽ നിറച്ചു, വളരെയധികം എതിർപ്പുകളുടെ നടുവിലും പള്ളികൾ പണിതു, ജനങ്ങൾ കഷ്ടത്തിലായിരുന്നപ്പോൾ പോലും കർത്താവിനെ അവർക്ക് കാണിച്ചുകൊടുത്തു. ഇന്ന് ഈ കഷ്ടപ്പാടുകളെല്ലാം സഹിച്ച് ഓടുവാൻ നിങ്ങൾ തയാറാണോ?**




# സ്വപ്നത്തിന്റെ വേഗത

**പ്രിയപ്പെട്ട യുവതി യുവാക്കൾക്ക് എന്റെ സ്നേഹാശംസകൾ! ഈ ലോകത്തിൽ നമുക്ക് നൽകപ്പെടുന്ന ഓരോ മിനിറ്റും നേട്ടങ്ങൾ കൈവരിക്കാൻ നൽകപ്പെടുന്ന നിമിഷങ്ങളാണ്. ചിലർ തങ്ങൾക്ക് ലഭിക്കുന്ന എല്ലാ അവസരങ്ങളും പ്രയോജനപ്പെടുത്തി വിജയിക്കുന്നു. അങ്ങനെ കഷ്ടതയേറിയ തന്റെ ജീവിതത്തെ വിജയമാക്കി മാറ്റി നേട്ടക്കാരനായി മാറിയ ഒരാളുടെ ജീവിതം നിങ്ങൾക്കായി...**

ഇംഗ്ലണ്ടിലെ ഒരു തൊഴിലാളിവർഗ കുടുംബത്തിലാണ് ലൂയിസ് ഹാമിൽട്ടൺ ജനിച്ചത്. കുട്ടിക്കാലത്ത് ലൂയിസിന് Karting റേസുകളിൽ വലിയ താൽപര്യമുണ്ടായിരുന്നു. മകന്റെ സ്വപ്നസാക്ഷാത്കാരത്തിനായി ലൂയിസിന്റെ പിതാവ് മൂന്ന് ജോലികൾ ചെയ്തു. ലൂയിസിന് 8 വയസ്സുണ്ടായിരുന്നപ്പോൾ Kart റേസിൽ വിജയിച്ചു. അതിനുശേഷം അദ്ദേഹത്തിന്റെ ജീവിതം മാറാൻ തുടങ്ങി. 13 വയസ്സുള്ളപ്പോൾ, MCLaren Mercedes അദ്ദേഹത്തെ ഒരു ട്രെയിനി ഡ്രൈവറായി തിരഞ്ഞെടുത്തു. ആ നിമിഷം അദ്ദേഹം F1 ലോകത്തിലേക്ക് തള്ളിവിടപ്പെട്ടു. സ്കൂളിലും റേസിംഗ് ലോകത്തും വംശീയത, അപമാനം, എതിർപ്പുകളും സഹിച്ചുകൊണ്ട് ലൂയിസ് തന്റെ സ്വപ്നങ്ങൾക്കായി ഓടുവാൻ തുടങ്ങി. കറുത്ത വർഗക്കാരനായതിനാൽ പലയിടത്തും അദ്ദേഹം അപമാനിക്കപ്പെട്ടു. എത്ര അപമാനം നേരിട്ടെങ്കിലും അദ്ദേഹത്തിന് തന്റെ ഹൃദയത്തിലെ വിശ്വാസം നഷ്ടപ്പെടാതെ 'ഞാൻ നേടും' എന്ന ദൃഢനിശ്ചയത്തോടെ പ്രവർത്തിച്ചതിനാൽ തന്റെ ഓട്ടത്തിലും ജീവിതത്തിലും പുരോഗതി പ്രാപിക്കാൻ തുടങ്ങി.

തന്റെ കഴിവും കഠിനാധ്വാനവും കൊണ്ട് ലൂയിസ് ഏഴ് തവണ ലോക ചാമ്പ്യൻഷിപ്പ് നേടി. 103+ റേസ് വിജയങ്ങൾ നേടിയ അദ്ദേഹത്തിന് Sir എന്ന പദവിയും ലഭിച്ചു. ലൂയിസ് കാർ റേസിങ്ങിൽ മാത്രമല്ല, സാമൂഹിക നീതി, പരിസ്ഥിതി, വംശീയ സമത്വം തുടങ്ങിയ വിഷയങ്ങൾക്കുവേണ്ടി ശബ്ദമുയർത്തി വരുന്നു. കറുത്തവർഗക്കാരന് F1ൽ വിജയം നേടുവാൻ കഴിയില്ല എന്ന് പലരും പറഞ്ഞു. എന്നാൽ അയാളുടെ ധൈര്യവും, ദൃഢനിശ്ചയവും, പിതാവിന്റെ പിന്തുണയും കഠിനാധ്വാനവും അദ്ദേഹത്തെ വിജയത്തിന്റെ പാതയിലേക്ക് നയിച്ചു.

**ഇത് വായിക്കുന്ന സ്നേഹിതരെ!**
**എത്ര വെല്ലുവിളികൾ വന്നാലും, നിങ്ങൾ ഓട്ടം നിർത്തിയാൽ മാത്രമേ പരാജയമുണ്ടാകൂ!**
**നിങ്ങൾ ഓടിക്കൊണ്ടിരുന്നാൽ വിജയം നിങ്ങളെ പിന്തുടരും.**
**ലൂയിസ് ഹാമിൽട്ടന്റെ ജീവിതം പോലെ...**